THE CHURCH WEEKLY

Vol. VIII. | SUNDAY 21st MARCH 1954 | PRICE 2 ANNAS PER COPY | NO. 12

THE MYSTERY OF DEATH

(By Mr. M. Zernov)

I

Whosoever liveth and believeth in me shall never die. John xi· 26·

Death is a mystery which spares none. You can try to avoid thinking about it, as you can try to live without God, or to pretend that faith is a privilege only for a few; where death is concerned there is no privilege, there indeed is one sacrament in which, for all its divisions, all mankind can share. Such is the power of death's touch that not the stoutest materialist can feel it without a tremor; in death the veil of the unknown is withdrawn before the blindest eyes, the "eternal questions" are put, in silence, to the most hesitating spirit, "The sight of death is always edifying· However it comes, it remains a miracle and a mystery: Hand-in-hand with the departed, in thought we cross the boundary and gaze into another world. We see, now that there is another"

Cultures and religions are largely distinguished by their attitude towards death. For Christians, by the redeeming death of our Lord, death has become one of the means of grace and a stage in the spiritual life· To rise with Christ it is necessary to die with him· The Russian Christian prays day by day to God for a continual remembrance of mortality. For, as Fr· Elchaninov wrote: "You cannot live a ... and worthy life here below without the memory of death—and eternal life — being constantly ... to your soul·"

... important a place does the ... of death hold in the ... life that the study of its particular features in the various confessions goes far to shew to what extent their belief is genuine and whole. Is death really conceived as the gateway of eternity, or is so morbid a notion that "one does not talk about it"?

The Teaching of The Church

Knowledge is one of the noblest of man's aspirations, and ignorance one of the deepest wounds of sin· And one of the things about which fallen man; even in the way of salvation, remains most ignorant is the mystery of death· We have no more than the light of faith to guide us here; and even for faith, death is the supreme trial. The teaching of the Orthodox Church gives little precise and detailed information about the life of the world beyond the grave· It shares neither the doctrine of purgatory nor the practice of indulgences of the Romanists. "Why is the Church so silent about the other world?" Fr Elchaninov answers: "Man lives, thinks and feels in the finite order of space and time, what is beyond this order we can neither conceive nor express· The other world has its own dimensions· If we try to speak of it we can do so only in our ordinary earthly language, which is necessarily inadequate· It is this which explains the wise reticence of the Church·",

Where everlasting life is in question the Orthodox Church is content to leave us face to face with antinomies. For instance, though the departed have left the realm of time, they still await the last judgement; and they preserve some link with those who are mourning them in the world of times· It is from the Liturgy rather than from theology that we gather the Orthodox conception of the other world· The Orthodox funeral services are of great beauty, and hold a place in the esteem of Russian believers second only to the Easter Liturgy.

Certain features are marked particularly clearly in these rites:

1:— Death is a tragedy and an affliction It is a result of sin. It exposes all the unreality of earthly life·

2:— The dying man falls into the hands of the living God, and goes to judgement· We are left uncertain of his fate and trembling at his peril

3. His destiny is treated accordingly as still undetermined· When and how it is determined, we do not know. We go on praying· And with us the whole heavenly Church is praying The energies of the whole Church in heaven and earth are engaged in this crisis of a single soul·

4:— The burden of the petitions in the funeral rites is pardon for sin and rest "in the land of the living." There is no limit to the hopes expressed for the happiness of the departed· "In thine unrecounted glory count him worthy to have part, who is translated unto thee, O Christ where they have their dwelling who rejoice, and where unmingled gladness makes its voice resound" (Ode 4 of the Canon)· "The looking for the radiant day of our Lord's second coming transfigures the dark night of this present life. ("5th morning prayer of S. Basil).

...urch for
...d dying.
...rites of the Church
...only the burial service
... but a whole sequence of preparations for death; the order of Holy Unction, the last Confession and Communion, the Canon to be said at the parting of the soul from the body. During the time, usually three days, that the body remains in the house, there are "panikhidy" said over it. There is a form for the deposition of the body in the coffin. Then come the funerrl service proper. After the burial special provision is made for prayers for the departed on the nineth and fortieth days following. The faithful departed in general are commemorated at every Eucharist, of course, and especially on Ancestors' Day the Saturday before Sexagesima, and the "Day of Joy," the nineth day of Easter.

All these observances are so many instances of the loving care with which the Orthodox Church surrounds her children in the hour of their death. A Russian Christian attaches great importance to these provision, and reckons "a sudden and unprepared death" a great misfortune. In his heart there lives the picture of the thief who repented at the last hour and thereby was saved.

But during the last decisive hour the mind of Russian is preoccupied less with physical suffering that with that mystery which is "the parting of the soul from the body." As soon as the body is breathless and still the soul is regarded as meeting with its supreme trial and setting out upon a journey beset with perils. "Woe unto me, what agony hath the soul when it is from the body torn! alas, then how it weeps, and none is merciful to it! To angels lifting eyes without effect it prays; to men extending hands it frindeth none to help,"

"Great is the weeping and the wailing, great is the sighing and the need at parting of the soul. Hades and destruction wait; and transitory life appears a fleeting shade a dream of error; and the toil of earthly life unseemly fantasy." Nothing but prayer can follow and assist the soul where it is going now.

The Liturgy preserves traces of a conception of the departure of the soul as a protracted process, marking its stages by the special observance of the third, nineth and fortieth days after death, and the anniversary. The soul is pictured as Helpless and unprotected before the onslaughts of evil spirit, passing through the gates of various "trials."

(To be continued)

മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി കോൺഫറൻസ്

ജനറൽ സെക്രട്ടറി. ശ്രീ. കെ. വി ചാണ്ടി ബി. എസ്. സി. (സി. എം എസ്. കോളജ്. കോട്ടയം) ഇപ്രകാരം അറിയിക്കുന്നു.

മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥി സംഘത്തിന്റെ ഇക്കൊല്ലത്തെ വാഷിക സമ്മേളനം കോട്ടയം സിംഹാസനപ്പള്ളിയിൽ വച്ച് ഏപ്രിൽ 27-ാനു- മുതൽ മേയ് 1-ാംനു- വരെയുള്ള തീയതികളിൽ നടത്തുന്നതാണ്. സമുദായത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾ കൂടി വരുമ്പോൾ സഭയെ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതും പരിഹാര മാർഗ്ഗങ്ങൾ കണ്ടു പിടിക്കേണ്ടതും ആവശ്യമാണ്. അതുകൊണ്ടു ഇക്കൊല്ലത്തെ സമ്മേളനത്തിൽ സംബന്ധിക്കുന്നവർ ആലോചനാവിഷയങ്ങളെപ്പററി സഗൗരവം ചിന്തിക്കണമെന്നു ആഗ്രഹിക്കുന്നു. സമുദായത്തിൽപ്പെട്ട എല്ലാ ആളുകളുടേയും പ്രത്യേകിച്ച് സമ്മേളനത്തിൽ സംബന്ധിക്കുന്നവരുടെയും അറിവിലേക്കു ആലോചനാവിഷയങ്ങളെക്കുറിച്ചു ചുരുക്കമായി പ്രസ്താവിച്ചു കൊള്ളുന്നു.

മുഖ്യചിന്താവിഷയം

യേശുക്രിസ്തുവിൽ കൂടെയുള്ള സമൃദ്ധിയായ ജീവൻ എന്നതാണ് സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയം. യേശുക്രിസ്തുവിൽ കൂടെയുള്ള സമൃദ്ധിയായ ജീവിതം എന്താണ്? യേശുക്രിസ്തുവിലെ സമൃദ്ധിയായ ജീവിതവും ക്രിസ്തുവിനെക്കൂടാതെയുള്ള ജീവിതവും തമ്മിലുള്ള വ്യത്യാസം എന്ത്? ക്രിസ്തുവിലായ ഒരുവനു് ഈ സമൃദ്ധിയായ ജീവൻ എങ്ങനെ ഉണ്ടാകുന്നു. സയൻസ്, തത്വശാസ്ത്രം, സാന്മാർഗ്ഗികശാസ്ത്രം; വിദ്യാഭ്യാസം, വ്യക്തിജീവിതം, സമുദായജീവിതം, ധനതത്വശാസ്ത്രം, രാഷ്ട്രതന്ത്രം, മുതലായവയെ യേശുക്രിസ്തു എത്രയും സമൃദ്ധമാക്കിയിട്ടുണ്ടു്. ഈ വിഷയങ്ങളെല്ലാം മുഖ്യ ചിന്താ വിഷയത്തോടു ബന്ധിച്ചു ചിന്തിക്കേണ്ടതാണു്. ഞാൻ നിങ്ങൾക്കു ജീവനെ തരുവാനും സമൃദ്ധിയായി തരുവാനുമത്രെ വന്നിരിക്കുന്നതു് എന്ന കർത്താവിന്റെ വാക്കുകളാണ് സമ്മേളനത്തിന്റെ ചിന്തയ്ക്കു ആധാരമായി എടുത്തിരിക്കുന്നതു്. സമ്മേളനംകൊണ്ടു് സമൃദ്ധിയായ ജീവന്റെ അനുഭവം ഉണ്ടാകുന്നതിനു വേണം എല്ലാവരുംതയ്യാറാകേണ്ടതും പ്രാർത്ഥിക്കേണ്ടതും. ഈ വിഷയങ്ങളെപ്പററി പ്രസംഗങ്ങൾ നടത്തുന്നതു് ബഹു: മൂശറമ്പാച്ചനും ബ. വി. സി. ഗീവറുഗീസച്ചനും, ബ. കെ. ഒ. തോമസച്ചനും ആയിരിക്കും.

ഉപവിഷയങ്ങൾ

സഭയും എക്യുമെനിക്കൽ പ്രസ്ഥാനവും

റെവ. ഫാ കെ. ഒ. തോമസ് എം. ഏ.
മി. എം. കുര്യൻ ബി.എസ്.സി.

ആദ്യനൂററാണ്ടുകളിൽ ക്രൈസ്തവസഭ ഒന്നായിരുന്നുവെന്നും അന്നു സുന്നഹദോസുകൾ ഒന്നിച്ചു കൂടിയിരുന്നുവെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലൊ. എന്നാൽ ക്രമേണ സഭതന്നിൽ മത്സരിച്ചു് വിവിധ സഭകളായി തീർന്നു. എന്നാൽ യേശുക്രിസ്തുവിന്റെ സഭ ഏകമാണെന്നുള്ള സത്യത്തിന്റെയും വിശ്വാസാചാരങ്ങളിൽ ഭിന്നമായിരുന്നാൽ തന്നെയും ക്രിസ്തുവിന്റെ ആത്മാവിന്റെ ഐക്യതയിൽ സഭകൾക്കു സഹകരിച്ചു് പ്രവർത്തിക്കുന്നതിനു സാധിക്കും എന്ന വിശ്വാസത്തിന്റെയും പ്രേരണയാണ് എക്യുമെനിക്കൽ പ്രവർത്തനങ്ങളുടെ പിന്നിലുള്ളതു്. ഈ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളോടു് നമ്മുടെ സഭയ്ക്കു് ഇതഃപര്യന്തമുണ്ടായിട്ടുള്ള ബന്ധം എന്തൊക്കെയാണ്? എക്യുമെനിക്കൽ പ്രസ്ഥാനങ്ങളോടു നമ്മുടെ സഭയ്ക്കു് സഹകരിക്കുന്നതിനു സാധിക്കുമോ? ഈ പ്രസ്ഥാനങ്ങളോടു സഹകരിച്ചു് മലങ്കരസഭയിൽ സമാധാനം സ്ഥാപിക്കുന്നതിനു് സാധിക്കുമോ? ഈ പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്.

നമ്മുടെ സഭയുടെ പ്രശ്ന... ളും കഴിവുകളും

റെവ. റ്റ മോസസ്...
മി. എ. എ. പോൾ...

നമ്മുടെ സഭയുടെ പ്രശ... കഴിവുകളും വളരെയാണ്...

സഭയുടെ പ്രശ്നങ്ങൾ പൊറുക്കാവുന്നതല്ലെന്നു വിശ്വസിക്കുകയും അതുകൊണ്ടു സമുദായ പ്രവർത്തനത്തിൽ നിന്നു പിന്മാറിയിരിക്കുകയും ചെയ്യുന്ന ആളുകളെയും നാം സാധാരണ കാണാറുണ്ട്. എന്നാൽ ദൈവത്താൽ അസാദ്ധ്യമായ ഒരു കാര്യവും ലോകത്തിലില്ല എന്ന വാക്കുകളെ ആശ്രയിച്ചാൽ നിരാശയിൽ നിന്നും പ്രത്യാശയിലേക്ക നാം വളരുന്നതാണ്. നമ്മുടെ സമുദായ പുനരുദ്ധാരണത്തിന്റെ പ്രാരംഭ പടിയായി സമുദായത്തിന്റെ യഥാർത്ഥനില നാം അപഗ്രഥനം ചെയ്യപ്പെടേണ്ടതാണ്. നമ്മുടെ നേതാക്കന്മാരെല്ലാം ഈ ആലോചനകളിൽ വന്നു സംബന്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഈ വിഷയം ശരിയായി പഠിച്ചിട്ടുള്ള രണ്ടു പണ്ഡിതശ്രേഷ്ഠന്മാരാണ് ഈ ഈ ഗ്രൂപ്പ് നയിക്കുന്നതു്

3 ക്രിസ്തീയകുടുംബ ജീവിതം

റവ. ഫാദർ റ്റി. സി. ജോൺ
മി. റ്റി. റ്റി. ഏബ്രഹാം
എം. എ. ബി. എൽ;

സഭയുടെ പുനരുദ്ധാരണത്തിൽ വിസ്മരിച്ചു കൂടാൻ പാടില്ലാത്ത ഒരു ഘടകമാണു് നമ്മുടെ ഓരോ കുടുംബവും. ദൈവരാജ്യത്തിന്റെ ഒരു പ്രതിരൂപമായ ഒരു ക്രിസ്തീയ കുടുംബത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം. സഭാജീവിതവും കുടുംബജീവിതവും തമ്മിലുള്ള ബന്ധങ്ങൾ എന്തെല്ലാം. സഭയുടെ വളർച്ചയ്ക്കു ക്രിസ്തീയകുടുംബങ്ങൾക്കു എന്തൊക്കെ ചെയ്യുവാൻ സാധിക്കും. കുടുംബജീവിതവും മിഷ്യനറിപ്രവർത്തനവും, കുടുംബജീവിതവും സഭാവസംസ്കരണവും. സുറിയാനി ക്രിസ്ത്യാനികളുടെ കുടുംബജീവിതത്തിലെ ശ്രേഷ്ഠവശങ്ങളും ദോഷവശങ്ങളും എന്തെല്ലാം. ഇത്യാദിവിഷയങ്ങൾ ഇതോട്ട് ബന്ധിച്ച് ആലോചിക്കാവുന്നതാണ്

4 ക്രിസ്ത്യാനിയും തൊഴിൽ ജീവിതവും

റവ. ഫാ. പി. സി. വറുഗീസ്
എം, കെ. വറുഗീസ്
ബി. എ. എൽ. റ്റി.

പട്ടക്കാർക്കും ഉപദേശിമാർക്കും മാത്രമുള്ളൊന്നാണ് ക്രിസ്തീയ ജീവിതം എന്നു ചിന്തിക്കുന്ന ആളുകൾ ചുരുക്കമല്ല. ഞായറാഴ്ചയും മാറാനായ പെരുനാളും മാത്രം നല്ലഭക്തനായ ക്രിസ്ത്യാനിയും അല്ലാത്ത ദിവസങ്ങളിൽ മറ്റു ആരെപ്പോലെയും ജീവിക്കുന്ന ക്രിസ്തുവിശ്വാസികളെ നാം ധാരാളം കാണുന്നുണ്ടല്ലോ. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരാൾ ഏതുതൊഴിലിൽ—ബിസിനസ്സിലോ, അദ്ധ്യാപകനായോ ഗവണ്മെൻറുദ്യോഗത്തിലോ— പോയാലും ക്രിസ്ത്യാനിയായി ജീവിക്കുവാനും ക്രിസ്തുവിനെ സാക്ഷിക്കുവാനും ചുമതലപ്പെട്ടവനാണു്. വിവിധ തൊഴിലിലിരിക്കുന്നവർക്ക് എങ്ങനെ ക്രിസ്തുവിനെ സാക്ഷിക്കുവാൻ സാധിക്കും. അക്രൈസ്തവമായ തൊഴിലുകൾ ഏതെല്ലാം, ഇങ്ങനെയുള്ള വിഷയങ്ങളാണ് ഇതോട്ട് ആലോചിക്കേണ്ടതു്.

5. ക്രിസ്ത്യാനിയുംരാഷ്ട്രീയ കാര്യങ്ങളും

റവ. ഫാ. വി. എ. തോമസ്
ബി. എ. എൽ. റ്റി.
മി. പി. എൻ. ചാക്കോ
ബി. എസ് സി. ബി, റ്റി.

പലയുവജനങ്ങളേയും വിഷമിപ്പിക്കുന്ന ഒരു വിഷയമാണിതു്. മതവും രാഷ്ട്രീയവും തമ്മിൽവല്ല ബന്ധവുമുണ്ടോ. ക്രിസ്ത്യാനി രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നതു് ശരിയോ? ക്രിസ്ത്യാനിയുടെ രാഷ്ട്രീയചുമതലകൾ എന്തെല്ലാം. രാഷ്ട്രത്തിനു വേണ്ടിയുള്ള പ്രയത്നം ദൈവരാജ്യത്തിനു വേണ്ടിയുള്ള പ്രയത്നം ആയിരിക്കുമോ? ഇങ്ങനെയുള്ള അനേകം ചോദ്യങ്ങൾ പലരേയും വിഷമിപ്പിക്കുന്നുണ്ടു്. ഇവയ്ക്കെല്ലാം ശരിയായ ഉത്തരം കണ്ടുപിടിക്കാൻ സാധിച്ചില്ലെങ്കിലും പലരുടെയും ആശയങ്ങൾ അറിയുന്നതിനു സമ്മേളനം കൊണ്ടുസാധിക്കും.

ക്രിസ്ത്യാനിയും വ്യക്തി ജീവിതവും

റവ. ഫാ. വി. സി. ഗീവറുഗീസ്
ബി. എ.
ഡീക്കൻ. ഇ. ജെ. തോമസ്
എം. എസ് സി.

പല ക്രൈസ്തവ സഭകളുടെയും അതുപോലെ നമ്മുടെ സഭയുടേയും അധോഗതിക്ക് കാരണം വ്യക്തിപരമായ ക്രിസ്തീയ ജീവിതത്തിന്റെ അഭാവം ആണെന്നു ചിന്താശീലരായ ഏവരും സമ്മതിക്കും. ക്രിസ്തുമതം ഒരു പുതിയ ജീവിതരീതി ആണ്, അതു് ജീവിച്ചാണ് കാണിക്കേണ്ടതു്. സ്വജീവിതത്തിൽ കൂടെ യേശുക്രിസ്തുവിനെ ഘോഷിക്കുവാൻ ചുമതലപ്പെട്ടവനാണ് ഓരോ ക്രിസ്ത്യാനിയും. സ്വജീവിതത്തിൽ പരിവർത്തനം ഉണ്ടാകാതെ സഭയും രാഷ്ട്രവും ഒന്നും നന്നാകുകയില്ല. വ്യക്തിജീവിതത്തിൽ ക്രിസ്തീയ മൂല്യങ്ങളുടെ സ്ഥാനം പ്രാർത്ഥനയും ക്രിസ്തീയ ജീവിതവും, കൂദാശകൾക്ക് ക്രിസ്തീയ ജീവിതത്തിലുള്ള പ്രാധാന്യം ഇത്യാദിവിഷയങ്ങളാണ് ഈ വിഷയത്തോടു ബന്ധിച്ചു ആലോചിക്കേണ്ടതു്.

ഈ വിഷയങ്ങളെപ്പറ്റി സമ്മേളനത്തിൽ സംബന്ധിക്കുന്നവരും അല്ലാത്തവരും ആയ എല്ലാസഭാസ്നേഹികളും ചിന്തിക്കണമെന്നു അഭ്യർത്ഥിക്കുന്നു. യുവജനസംഘങ്ങളിലും പ്രാർത്ഥനാ ഗ്രൂപ്പുകളിലും ഈ വിഷയങ്ങൾ ആലോചിച്ചു നിഗമനങ്ങൾ സെക്രട്ടറിയുടെ പേർക്കയയ്ക്കുന്നതു നന്നായിരിക്കും. സമ്മേളനത്തെപ്പറ്റി എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അയച്ചുതരുന്നതു ഉപകാരമായിരിക്കും:

ഏക പ്രത്യാശ

(മി: സി. ഐ. നൈനാൻ ബി, എ. എൽ. റ്റി.)

"പീലാത്തോസ് അവരോടു്: എന്നാൽ ക്രിസ്തു എന്ന യേശുവിനെ എന്തുചെയ്യേണ്ടു എന്നു ചോദിച്ചതിനു് അവനെ ക്രൂശിക്കേണം എന്നു എല്ലാവരും പറഞ്ഞു."(ശു. മത്താ 27:22) നമ്മുടെ ചിന്തയ്ക്കു വിഷയമാക്കേണ്ട ഒരു സുപ്രധാന പ്രശ്നമത്രേ ഇതു്. നാമോരോരുത്തരും ഈ ചോദ്യത്തിനുത്തരം നല്കേണ്ടതാണു്. മനുഷ്യജീവിതം, മരണാനന്തരാവസ്ഥ എന്നിവയെല്ലാം ഈ ചോദ്യത്തിന്റെ മറുപടിയെ ആശ്രയിച്ചിരിക്കുന്നു. 'യേശുവിനെ എന്തു ചെയ്യണം' യേശുതമ്പുരാനെ ഉത്തമ സ്നേഹിതനായിട്ടാണോ അഥവാ ഒരു ശത്രുവായിട്ടാണോ ജീവിതത്തിൽ നാം സ്വീകരിക്കുന്നതു്. ഇരുപതാംശതകത്തിന്റെ ഈ സന്ദർഭത്തിലും നമ്മുടെ ഹൃദയത്തിലേക്കു് അഞ്ഞു താച്ചുകൊണ്ടിരിക്കുന്ന ഒരു ചോദ്യമത്രേ ഇതു്. ഈ ചോദ്യം പീലാത്തോസിനോടുതന്നെ ആദ്യം ചോദിക്കാം. "യേശുവിനെ എന്തു ചെയ്യണം" ഈ പീലാത്തോസാകട്ടെ റോമാ ഗവർണ്ണറന്മാരിൽ അതിഭാഗ്യവാൻ തന്നെ. ക്രൈസ്തവഭവനങ്ങളിൽ ഇന്നും പീലാത്തോസിന്റെ നാമം ദിവസം ഒന്നോ അധികമോ സന്ദർഭങ്ങളിൽ പറയാറുണ്ടു്. നമ്മുടെ ആരാധനാസമയങ്ങളിൽ പീലാത്തോസിന്റെ നാമം ഉച്ചരിക്കപ്പെടുന്നു. പ്രശസ്തരായ പല റോമാഗവർണ്ണറന്മാരെയും നാം അറിയുന്നവെങ്കിലും കർത്താവിന്റെ വിസ്താരത്തിൽ ഭാഗഭാഗിത്വം വഹിച്ച പീലാത്തോസ് അവരിലെല്ലാം ഭാഗ്യശാലിതന്നെ. പീലാത്തോസിനു് യേശുതമ്പുരാനെ മതിവരുവോളം കാണുവാൻ ഭാഗ്യം സിദ്ധിച്ചു. യേശുതമ്പുരാനെ ക്രൂശിൽതറച്ച ആണ്ടിലെ പെസഹാപെരുനാളിനു് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അനേകലക്ഷം യഹൂദന്മാർ യരുശലേമിൽ കൂടുന്നതാണെന്നു് അന്നത്തെ അഭിജ്ഞന്മാർക്കെല്ലാം അറിയാമായിരുന്നു. കാരണം മരിച്ചുയർത്ത ലാസറിനെയും ഉയർപ്പിച്ച യേശുവിനെയും കാണുന്നതിനും അനുഭവസാക്ഷ്യം കേൾക്കുന്നതിനും യഹൂദന്മാർ ആകാംക്ഷാഭരിതരായിരിക്കയായിരുന്നു. റോമാക്കാരും ആ അത്ഭുതസംഭവത്തിൽ യരുശലേമിൽ സന്നിഹിതരാകുന്നതാണു്. പീലാത്തോസും ഇക്കാരണത്താൽ ആസ്ഥാനമായ കൈസറിയായിൽനിന്നും യരുശലേമിലെ ഒരു കൊട്ടാരത്തിൽ ആഗതനായിരിക്കയാണു്. യഹൂദന്മാർ യേശുതമ്പുരാനെ ബന്ധിച്ചതിന്റെ പിറേറദിവസം അതിരാവിലെ പീലാത്തോസിന്റെ കൊട്ടരത്തിൽ യേശുവിനെ ആനയിക്കുന്നു. പീലാത്തോസ് യേശുവിനെ കണ്ടിട്ടു് "ഇവൻ ആരു്; ഇവനെന്തു കുററം ചെയ്തു" എന്നു ചോദിക്കുന്നു. യഹൂദന്മാർ മഹാപുരോഹിതനായിരുന്ന ഹന്നാസിന്റെ മുമ്പിലും രാത്രിയിൽ കയ്യാഫായുടെമുമ്പിലും സെൻഹെദ്രിംസംഘത്തിന്റെമുമ്പിലും ബന്ധിതനായയേശുതമ്പുരാനെനിറുത്തുകയും വിസ്തരിക്കകയും ചെയ്തിട്ടു് പീലാത്തോസിന്റെ സമീപം ഹാജരാക്കിയിരിക്കയാണു്. യഹൂദന്മാർക്കു വിശേഷവിധിയായി യാതൊരു കുററവും യേശുവിന്മേൽആരോപിക്കവാനുണ്ടായിരുന്നില്ല. "ഇവൻ കുററക്കാരൻ"എന്നുമാത്രമേ അവർക്കു യേശുവിന്റെമേൽ കുററാരോപണം നടത്തുവാനുണ്ടായിരുന്നുള്ളു. കാര്യമായ ചാർജ്ജില്ലാത്ത നിലയ്ക്കു അവരുടെ ന്യായപ്രമാണമനുസരിച്ചു് യേശുതമ്പുരാനെ ശിക്ഷിച്ചുകൊള്ളുന്നതിനു് പീലാത്തോസ്അവർക്കു അനുവാദം നൽകി. എങ്കിലും അവർ 'ഇവൻ ജനങ്ങളെ കലഹിപ്പിക്കുന്നു. കരംകൊടുക്കുന്നതു വിഹിതമല്ല എന്നു പ്രസംഗിച്ചു് മനുഷ്യരെ ഉൽബുദ്ധരാക്കുന്നു. മാത്രവുമല്ല ഇവൻ സ്വയം രാജാവായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു എന്നു് ബോധിപ്പിച്ചു. പീലാത്തോസ് യേശുതമ്പുരാനോടു് നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിക്കുന്നു; യേശുതമ്പുരാനാകട്ടെ പീലാത്തോസിനോടു്,"ഇതു നീ സ്വയമായി ചോദിക്കുന്നതോ അഥവാ മററുള്ളവർ പ്രേരിപ്പിച്ചിട്ടോ എന്നു് ആരായുന്നു. പീലാത്തോസിനെ സുവിശേഷത്തിലേക്കു് ആദായപ്പെടുത്തുവാൻ യേശുതമ്പുരാൻ ആഗ്രഹിക്കുന്നു. "ഞാൻ ഒരു രാജാവുതന്നെ; എന്നാൽ എന്റെ രാജ്യംഐഹികമല്ല. എന്റെ രാജ്യം ആത്മീയവും ഞാൻ സ്വർഗ്ഗാധിപതിയും ആകുന്നു." തനിക്കു ലോകാധിപതികളോടു യുദ്ധമില്ല, ലൗകികസമ്രാജ്യമോഹവുമില്ല. താൻ ആദ്ധ്യാത്മികരാജ്യനിർമ്മിതിക്കു വേണ്ടി പരിശ്രമിക്കുന്നു. ലോകത്തെ സമുദ്ധരിച്ചു് തന്റെ രാജ്യവാസികളാക്കുവാൻ യേശുതമ്പുരാൻ തിരുവവതാരം ചെയ്തു. ആത്മസൗന്ദര്യ്യസാമ്രാട്ടായ യേശുതമ്പുരാന്റെ സ്വഭാവം മൂലം—സത്യം, നീതി, വിനയം,സമാധാനം, സന്തോഷം ആദിയായ മഹൽഗുണങ്ങളാൽ ലോകത്തെതന്നിലേക്കാകർഷിച്ചു് മനുഷ്യമക്കളെ ദൈവമക്കളാക്കിത്തീർക്കുവാൻ താൻ യത്നിക്കുന്നു. പീലാത്തോസ് റോമൻനിയമവെളിച്ചത്തിൽ യേശുതമ്പുരാനിൽ യാതൊരുകുററവും കണ്ടില്ല. "ഈ യേശുവിനെഎന്തുചെയ്യണം. ഇവൻ യഹൂദ്യമുതൽ ഗലീലാവരെയുള്ള ജനങ്ങളിൽ വിപ്ളവബീജം കുത്തിവച്ചു; അവരിൽ ചിന്താകുഴപ്പമുണ്ടാക്കി—അവർ അട്ടഹസിച്ചു.

ഹേറോദേസിന്റെ മുമ്പിൽ യേശുതമ്പുരാനു് ഒന്നും പറയാനുണ്ടായിരുന്നില്ല, കാരണം അവനും ക്രിസ്തുവുമായി യാതൊരു ബന്ധവുമില്ലാഞ്ഞതുതന്നെ. ഹേറോദേസിന്റെ കുടുംബം ജഡാഭിലാഷങ്ങളിൽ അധിഷ്ഠിതമായതായിരുന്നു. അന്ധവിശ്വാസവും അവിശ്വാസവും സാക്ഷാൽ ഏകോദരസഹോദരികളാണു്. അവിശ്വാസിയുടെ മുമ്പിലോ അന്ധവിശ്വാസിയുടെ മുമ്പിലോ യാതൊരു അത്ഭുതവും കാണിക്കാൻ കർത്താവു സന്നദ്ധനായിരുന്നില്ല. പീലാത്തോസ് സിംഹാസനത്തിലും കയ്യാഫായും കൂട്ടരും സമീപമായും സ്ഥിതിചെയ്യുന്നു. "നിങ്ങൾ തെളിവുതന്നില്ല. ഞാനും യാതൊരുകുററവും കാണുന്നില്ല. ആകയാൽ ഞാൻഅവനെഅടിപ്പിച്ചു വിട്ടയയ്ക്കും." പീലാത്തോസ് തീരുമാനത്തിലെത്തി. യേശുതമ്പുരാനെ അടിപ്പിച്ചു വിട്ടയയ്ക്കുമെന്നു് ഭീരുവായ പീലാത്തോസ്തീരുമാനിച്ചു. യേശു നിർദ്ദോഷിയല്ലേ? യഹൂദപ്രമാണികളുടെ പ്രീതിക്കുവേണ്ടി അവരുടെ പിറുപിറുപ്പിൽ നിന്നും രക്ഷപെടുവാൻ വേണ്ടി—നിരപരാധിയായ യേശുവിനെ അടിപ്പിക്കുന്നതിനു് നിയമജ്ഞനായ പീലാത്തോസ് നിശ്ചയിച്ചു. യഥാർത്ഥത്തിൽ ഉണ്ടെങ്കിൽ ഉണ്ടു്. ഇല്ലെങ്കിൽഇല്ല; എന്നല്ലാതെ ശ്രോതാക്കളുടെ–വാദികളുടെയോ പ്രതികളുടെയോ—പ്രീതിയെ കരുതി അധികാരികൾ വിധി പ്രസ്താവിക്കുന്നതു് ഉചിതമായിരിക്കയില്ല. പീലാത്തോസ് അധഃപ്പതിച്ചു. യേശുവിനെ വിട്ടാൽ കൊള്ളാമെന്നാഗ്രഹമുണ്ടെങ്കിലും ജനങ്ങളുടെ ദുരാഗ്രഹത്തിനു വിപരീതം കണിക്കാൻ അവൻ അശക്തനായിരുന്നു. "പെരുനാളിനു് തടവുകാരിൽ ഒരു[illegible]നെ വിട്ടയയ്ക്കുക പതിവുണ്ടല്ലോ? [illegible]ങ്ങൾക്കു ബറബ്ബാസിനെ വേണമോ [illegible]ശുവിനെ വേണമോ?" ബറബ്ബാസ്[illegible]ർവഅനീതിയുടെയും അക്രമത്ത[illegible]യും നെല്ലിപ്പലക കണ്ടവനാ[illegible] സ്വർണ്ണപ്പണിക്കാർ പത്തരമാ[illegible]ങ്കം മഞ്ചാടിയിട്ടു തൂക്കുന്നപ്ര[illegible]

മനുഷ്യനാകാത്ത സ്വർണ്ണമാകുന്ന യേശുതമ്പുരാനെ കേവലം മഞ്ചാടിയാകുന്ന ബറബ്ബാസിനോടുകൂടെ തൂക്കിനോക്കുവാൻ അന്ധനായ പീലാത്തോസ് തീരുമാനിച്ചു. അഗ്നിയിലിട്ട് ഊതിപ്പഴുപ്പിക്കയും അടകല്ലിൽ വച്ചു ചുററികകൊണ്ടടിക്കുകയും ചെയ്യുന്നതിൽ സ്വർണ്ണത്തിനു ഖേദമില്ല. എന്നാൽ ആവശ്യമായ ഉരുപ്പടിയാക്കി മഞ്ചാടിക്കു സമമാക്കുന്നതിലുള്ള ഖേദം അസഹനീയമാണ്. മനുഷ്യാ! നീ ആരെ സ്വീകരിക്കുന്നു. ബറബ്ബാസിനെയോ യേശുവിനെയോ. ക്ഷുദ്രാഭിലാഷങ്ങളോ, സ്വർഗ്ഗീയ സൗഭാഗ്യങ്ങളോ? റോമാസഭയെയോ സുറിയാനി സഭയെയോ? ഓലകൊണ്ടു നിർമ്മിതമായ പന്നകത്തോടുകൂടിയ കെട്ടുവള്ളമോ മനോഹരമായ മോട്ടോർബോട്ടോ നിനക്കു സ്വീകാര്യം. പാൽപായസമോ ജ്യേഷ്ഠാവകാശമോ നിനക്കു പ്രിയംകരമായിട്ടുള്ളത്. ജ്യേഷ്ഠാവകാശം സ്വർഗ്ഗീയ പൗരത്വമത്രേ. എല്ലാവർക്കും ബറബ്ബാസിനെ മതി. പീലാത്തോസ് അനുവദിച്ചു. യഹൂദന്മാരുടെ അപേക്ഷപ്രകാരം ക്രൂശിന്റെ തലയ്ക്കൽ "ഇവൻ യഹൂദന്മാരുടെ രാജാവ്" എന്ന ലിഖിതവും പീലാത്തോസ് ചമച്ചു. അവരാകട്ടെ. "അവൻ അങ്ങനെ പറഞ്ഞു എന്ന് എഴുതുവാനായിരുന്നു ആവശ്യപ്പെട്ടത്. പീലാത്തോസ് അവരോട് "ഞാൻ എഴുതിയതു് എഴുതി" എന്നു മറുപടി പറഞ്ഞു.

തെരഞ്ഞെടുപ്പിന്റെ ആഹ്വാനം നമ്മുടെ കർണ്ണപുടങ്ങളിൽ പതിക്കുന്നു. ബറബ്ബാസിനെ തെരഞ്ഞെടുക്കാനാണ് അധികമാളുകളും അഭിലഷിക്കുന്നത്. പത്രോസിനു യേശുതമ്പുരാനെ വേണമോ എന്നു ചോദിക്കുമ്പോൾ "അവനെ ഞാൻ അറിയുന്നില്ല." എന്നു മൂന്നുപ്രാവശ്യം നിഷേധിച്ചു പറയുന്നതായി നാം കാണുന്നു. കരിങ്കുന്നസ്സ്—അക്രമത്തിന്—മററു പലപാപങ്ങൾക്ക്—കർത്താവിനെ ഒററിക്കൊടുക്കുവാൻ ഒരു പീലാത്തോസുതന്നെ സംശയമില്ല. പീലാത്തോസിനു് മനഃശക്തിയില്ല. മനഃശക്തിയുള്ളവൻ ഭാഗ്യവാനായിരിക്കും. പീലാത്തോസ് യേശുവിനെയും യഹൂദന്മാരെയും പ്രീണിപ്പിക്കുവാൻ ശ്രമിക്കുന്നു. സത്യത്തെയും അസത്യത്തെയും ഒരുപോലെ സ്നേഹിക്കുവാൻ ആരാലും സാദ്ധ്യമല്ല. പീലാത്തോസ് യേശുവിനെ അടിപ്പിച്ച് ശരീരത്തിൽനിന്നു രക്തം പൊടിക്കുന്ന അവസ്ഥയിൽ ...ന്മാരുടെ മുമ്പിൽ നിർത്തി. തത്സമയം യേശുതമ്പുരാൻ ഒരു സജീവമായ ...മായി അവരുടെ മുമ്പിൽ ... 'ഇവനെ ഒന്നു നോക്കിൻ' എന്ന പീലാത്തോസിന്റെ നിലപാട് ഒരു വലിയ സുവിശേഷമായിരുന്നു. ഇവ യഹൂദന്മാർ ഗൗനിച്ചതേയില്ല. കഠിനഹൃദയന്മാരായവർക്ക് യേശുതമ്പുരാനെ നാലു വിധത്തിൽ ദർശിക്കുവാനായിരുന്നു അധികം ഇഷ്ടം. (1) പരസ്യമായ ശിക്ഷയ്ക്കു വിധേയനായി അദ്ദേഹത്തെ അവർക്കു കൺകുളിർക്കെ കാണണം. (2) ഏതാനും ദിവസങ്ങൾ അതേനിലയിൽ കണ്ടു സംതൃപ്തരാകണം. (3) കുരിശുമരത്തിൽ ബോധക്ഷയം സംഭവിക്കാത്ത അവസ്ഥയിൽ കണ്ടുകൊണ്ടിരിക്കണം. (4) ശാപശിക്ഷയാകുന്ന കുരിശുമരണത്തിനർഹമായി യേശുവിനെ കാണണം.

പീലാത്തോസ് യേശുതമ്പുരാനോട് "നീ ഒന്നും മിണ്ടാത്തതു് എന്ത്?" എന്നു ചോദിക്കുന്നു. യേശുവിനെ വിട്ടയയ്ക്കാനും കുരിശിൽ തറച്ചു കൊല്ലാനും പീലാത്തോസിനു് അധികാരമുണ്ടായിരുന്നു. യേശുതമ്പുരാൻ അവരോട് എന്തു പറയാനാണ്. പീലാത്തോസിനു് മനക്കരുത്തില്ല, നീതിനിഷ്ഠയുമില്ല. അവന്റെ കുററം വലുതായിരുന്നു. നല്ലമനുഷ്യർ—ശരിയായ നേതൃത്വം—സ്ഥാനസ്ഥിതമായി–ഭീരുത്വമെന്യേ—സത്യപരിപാലനത്തിനുവേണ്ടി നിലകൊള്ളേണ്ടതു് ഉചിതവും അനുപേക്ഷണീയവുമാകുന്നു. യൗസേഫും നിക്കോദിമോസും യേശുതമ്പുരാന്റെ അന്ത്യസംഭവത്തിൽ ഭാഗഭാഗിത്വം വഹിച്ചവരായിരുന്നില്ലാ. എങ്കിലും അവരും മററുള്ളവരോടൊപ്പം കുററക്കാർ തന്നെ ആയിരുന്നു. കാരണം ക്രിസ്തുവിന്റെ വധത്തിൽ അവർ മൂകസാക്ഷികളായിരുന്നു. നീതിനിർവഹണത്തിനു വേണ്ടിയുള്ള സുധീരനില അവലംബിക്കുവാൻ അവർ തയ്യാറായില്ല. നമ്മുടെ ഏകപ്രത്യാശ ക്രിസ്തുവായിരിക്കട്ടെ. എങ്കിൽ മാത്രമേ സമത്വസുന്ദരങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ച് ലോകത്തെ ദൈവത്തിങ്കലേക്കു നയിക്കുവാൻ ക്രൈസ്തവർക്കു സാധ്യമാകയുള്ളു. (മാക്കാംകുന്നു കൺവൻഷനിൽ ചെയ്ത പ്രസംഗം

Notes by P K George Konni

അഖിലലോക ബുദ്ധമത സമ്മേളനം

ശ്രീ ബുദ്ധന്റെ 2500-ാം ചരമവാർഷികം അഘോഷിക്കുന്നതിനോടനുബന്ധിച്ച് അടുത്ത നവംബർ മാസം മുതൽ 1956 വരെ ഒരു അഖിലലോക ബുദ്ധമത സമ്മേളനം ബർമ്മായിൽ വച്ചു കൂടുന്നതാണത്രെ. ഇതിൽവച്ചു ശ്രീ ബുദ്ധന്റെ യഥാർത്ഥ ഉപദേശങ്ങളടങ്ങിയിരിക്കുന്ന കൃതികളുടെ തർജ്ജമകൾ ബുദ്ധമത പണ്ഡിതന്മാർ അംഗീകരിക്കുന്നതായിരിക്കും.

എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ചരിത്രം

വിവിധ സഭകളിലെ 15 എഴുത്തുകാർ എഴുതിയിട്ടുള്ളതും 16 അദ്ധ്യായങ്ങളും 840 പേജുകളുള്ളതുമായ "എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ ചരിത്രം" എന്ന പുസ്തകത്തിന്റെ അച്ചടി തീരാറായിരിക്കുന്നു.

വാരപഞ്ചാംഗം

	മാർച്ച്	മീനം
ഞായർ	21	8
തിങ്കൾ	22	9
ചൊവ്വാ	23	10
ബുധൻ	24	11
വ്യാഴം	25	12
വെള്ളി	26	13
ശനി	27	14

Thought for the Week

Moral qualities rule the world, but at short distances the senses are despotic.

Emerson.

THE CHURCH WEEKLY

ഇൻഡ്യാ ഗവൎമെൻറും മിഷ്യനറിമാരും

കേന്ദ്ര ആഭ്യന്തര വകുപ്പു മന്ത്രി ശ്രീ. കൈലാസ് നാഥ കട്ജു വീണ്ടും മിഷ്യനറിമാരെപ്പററി ഒരു പ്രസ്താവന ചെയ്തിരിക്കുന്നു. ഇൻഡ്യയിൽ വിദേശ മിഷ്യനറിമാരുടെ പ്രവൎത്തനങ്ങളെ വളരെയധികം സംശയത്തോടും തെററിദ്ധാരണകളോടും കൂടിയാണ് ഹിന്ദുമത നേതാക്കന്മാർ വീക്ഷിച്ചുകൊണ്ടിരുന്നതു്. പ്രസ്തുത ധാരണകൾക്കു് വക നൽകുന്ന അനേകം സംഭവങ്ങൾ ഇവിടെ നടന്നിട്ടുണ്ടായിരിക്കാം. വിദേശാധിപത്യത്തിൻ കീഴിൽ അമൎന്നിരുന്ന ഭാരതം അന്നു് മിഷ്യനറിമാരെ സാമ്രാജ്യ ദുഷ്പ്രഭുത്വത്തിൻെറ കൂട്ടുകാരായിട്ടാണ് കണ്ടിട്ടുള്ളതു്. ഇവിടെ വന്നിട്ടുള്ള പല മിഷ്യനറിമാരും ബ്രിട്ടീഷ് സിവിലിയൻ ഉദ്യോഗസ്ഥന്മാരുടെ സഹായവും, സംരക്ഷണയും, സ്വാധീനവും അവരുടെ പ്രവൎത്തനങ്ങൾക്കു് വളരെയധികം പ്രയോജനപ്പെടുത്തിയിരുന്നുവെന്നുള്ളതിനു് തൎക്കമില്ല. സ്കൂളുകൾ തുടങ്ങാനും മിഷ്യൻ കേന്ദ്രങ്ങൾക്കുള്ള വസ്തുക്കൾ സമ്പാദിക്കുവാനും, ചില തൎക്കവിഷയങ്ങളിൽ തങ്ങൾ അനുകൂലിക്കുന്ന ക്രിസ്ത്യാനികൾക്കു സഹായകമായി പ്രവൎത്തിക്കുവാനും ഗവൎമെൻറിൽ നിന്നു ഗ്രാൻറു കിട്ടുവാനുമെല്ലാം ഈ സ്വാധീനങ്ങൾ പ്രയോഗിച്ചിരുന്നു. അതുകൊണ്ടു് മിഷ്യനറിമാർ സാമ്രാജ്യ ദുരധികാരത്തിൻെറ ഒരനൗദ്യോഗിക ശാഖയായി ഇവിടെ പ്രവൎത്തിക്കുന്നുവെന്നൊരു അപവാദം ഭാരതീയരുടെ ഇടയിൽ പ്രചരിച്ചിരുന്നു. ചില മിഷ്യനറിമാർ ബ്രിട്ടീഷ് സിവിലിയൻ ഉദ്യോഗസ്ഥന്മാരെ അതിശയിക്കുന്ന ദുരധികാര പ്രമത്തതയും സേവനേതരമായ സാമ്രാജ്യ ദുഷ്പ്രഭുത്വവും അവരുടെ പെരുമാററങ്ങളിൽ പ്രകടിപ്പിച്ചുവന്നതു് ഈ അപവാദത്തിനു് സാധുത്വം നൽകി. ഭാരതീയ സ്വാതന്ത്ര്യ സമരത്തിൽ അവിസ്മരണീയമായ സംഭാവനകൾ നൽകിയ ദീനബന്ധു ആൻഡ്രൂസ്, ഡോക്ടർ പേററൺ മുതലായ മിഷ്യനറി ശ്രേഷ്ഠന്മാർ ഭാരതീയനേതാക്കന്മാരുടെ അകൈതവമായ ആദരവും കൃതജ്ഞതയും സ്നേഹവും സമാൎജ്ജിച്ചിരുന്നുവെന്നകഥ ഞങ്ങൾ വിസ്മരിക്കുന്നില്ല. എന്നാൽ മിഷ്യനറിമാരായി ഇവിടെയെത്തിയ പലരും ആ ഗണത്തിൽ ഉൾപ്പെട്ടുന്നില്ലെന്നുള്ളതു് കേവലം നഗ്നമായ ഒരു പരമാൎത്ഥം മാത്രമാണ്.

അങ്ങിനെയുള്ളവരുടെ സാഖ്യ അഗണ്യമായ ഒന്നായിരുന്നില്ലതാനും. അതുകൊണ്ടു ഭാരതീയരുടെ സംശയങ്ങൾക്കും ധാരണകൾക്കും അടിസ്ഥാനപരമായ പലസംഭവങ്ങളും ഉദാഹരണങ്ങളും എടുത്തുപറയുവാൻ സാധിക്കും. മറെറാരു കാരണവും ഈ മനോഭാവത്തിനു് നിദാനമായി വൎത്തിച്ചതു് ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ബ്രിട്ടീഷുകാരോ പോൎട്ടുഗീസുകാരോ ഫ്രഞ്ചുകാരോ ഇൻഡ്യൻഭൂമിയിൽ വാണിജ്യത്തിനും മററും കാൽകുത്തുന്നതിനു് അനേകവൎഷങ്ങൾ എന്നല്ല ശതാബ്ദങ്ങൾക്കുമുമ്പു് ഇവിടെ ക്രിസ്ത്യൻ മിഷ്യനറിമാർ ആഗതരായി മിഷ്യനറി പ്രവൎത്തനങ്ങൾ നടത്തിയ പാരമ്പൎയ്യമാണിവിടെയുള്ളതു്. അന്നു് ക്രിസ്ത്യാനികളായിത്തീൎന്നവരിൽ പലരുംസവൎണ്ണജാതി പ്രമുഖന്മാരായിരുന്ന നമ്പൂതിരിമാരായിരുന്നു. വിദേശാധിപത്യത്തിൻെറ സംരക്ഷണസൗകൎയ്യങ്ങൾ കൊണ്ടല്ലാ അവർ ഇവിടെ എത്തിയതു്. വമ്പിച്ച മിഷ്യനറിഫണ്ടുകളുടെ പ്രലോഭനങ്ങളും അവൎക്കു ലേശവും സ്വാധീനമായിരുന്നില്ല. ഭക്തിസമ്പൂൎണ്ണമായ ജീവിതനൈൎമ്മല്യവും അത്ഭുതജനകമായ രോഗശാന്തിവരവും പ്രേരണാശക്തിയും അചഞ്ചലമായ അദൎശനിഷ്ഠയും സിദ്ധാന്തവിശേഷങ്ങളും. ആദ്ധ്യാത്മിക രക്ഷാമാൎഗ്ഗത്തിലേക്കു സമസൃഷ്ടങ്ങളെ നയിക്കണമെന്നുള്ള അഭിനിവേശവും മാത്രമായിരുന്നു അവരുടെ പ്രവൎത്തനങ്ങളുടെ പ്രേരണാശക്തിയായിവൎത്തിച്ചതു് അന്നു് ക്രിസ്തുമാൎഗ്ഗം സ്വീകരിച്ചവർ അനേകശതവൎഷങ്ങളിലെ ചരിത്രത്തോടു കൂടി ഭാരത ഭൂമിയുടെ തെക്കേക്കോണിൽ അധിവസിച്ചുവന്നു. കഴിഞ്ഞ കാലങ്ങളിൽ രാഷ്ട്രീയാധികാരം കൈകാര്യം ചെയ്തിരുന്ന രാജാക്കന്മാർ ഈ പുതിയ മാൎഗ്ഗം സ്വീകരിച്ചവൎക്കു് യാതൊരു ശല്യവും വരുത്തിയിരുന്നില്ല. വരുത്തേണ്ട ആവശ്യവും നേരിട്ടിരുന്നില്ല. എന്നാൽ പാശ്ചാത്യഭരണം ഇവിടെ സ്ഥാപിതമായതിനുശേഷം ജനാധിപത്യാദൎശങ്ങൾ ഇവിടെയും പ്രചുരപ്രചാരത്തിൽ വരികയും, സുദീൎഘമായ ഒരു സമരത്തിനു ശേഷം ഇവിടെ പ്രജായത്തഭരണസ്വാതന്ത്ര്യം സംസ്ഥാപിതമാകുകയും ചെയ്തു. ആ നവീന പരിതഃസ്ഥിതിയിൽ ജനസംഖ്യ ഒരു അധികാര നിൎണ്ണായകഘടകമായി വന്നതോടെ വിവിധ വൎഗ്ഗങ്ങളിലുള്ള ജനസംഖ്യ കുറയുന്നതിനെപ്പററി വൎഗ്ഗീയാധിഷ്ഠാനത്തിൽ ചിന്തിച്ചു പരിശീലിച്ച ജനങ്ങൾ ചഞ്ചലഹൃദയരായിത്തുടങ്ങി. മതപരിവൎത്തനം മൂലം ഇതരസമുദായത്തിൽ ചേരുന്നവർ സമുദായങ്ങളുടെ രാഷ്ട്രീയശക്തി നിലപാടിൽ വലിയ അന്തരം വരുത്തുന്നുവെന്നുള്ള ശങ്ക മതപരിവൎത്തനപരിപാടികളെപ്പററി വളരെയധികം പ്രതിഷേധത്തിനു് ഇടനൽകി. അങ്ങനെയുള്ള ഒരു പശ്ചാത്തലത്തെ മനസ്സിലാക്കിവേണം കേന്ദ്രഗവണ്മെൻറിൻെറ അധികൃതപ്രസ്താവനകളെ നാം വീക്ഷിക്കാൻ. ക്രിസ്ത്യാനികളുടെമിഷ്യനറിപ്രവൎത്തനങ്ങളിൽ രാഷ്ട്രീയമായ ഉദ്ദേശമുണ്ടെന്നുള്ളസംശയം പോലും നൽകാനുള്ളവക തങ്ങളുടെ ചിന്തകളിൽപോലും കടന്നുകൂടാൻ അനുവദിച്ചുകൂടാത്തതാണ്. യേശുക്രിസ്തുവിൻെറ ദിവ്യസന്ദേശങ്ങളും മഹത്തായ ജീവിതമാതൃകയും എല്ലാവൎക്കും അനുഭവവേദ്യമാക്കാനുള്ള പ്രയത്നമല്ലാതെ നമ്മുടെ മതപരിവൎത്തന സംരംഭങ്ങളിൽ കടന്നുകൂടാൻ അറിഞ്ഞും അറിയാതെയും നാം അനുവദിക്കരുതു്. മിഷ്യനറി പ്രയത്നങ്ങളിൽ ഏൎപ്പെടുന്നവൎക്കു് ഒരു അഗ്നിപരീക്ഷണമാണ് വരാൻ പോകുന്നതു്. മഹാത്മജിയോടു് ഇന്ത്യയിൽ മിഷ്യനറിപ്രവൎത്തന സ്വാതന്ത്ര്യത്തിനു ഉറപ്പു നൽകണമെന്നുള്ള അഭ്യൎത്ഥനയുമായി സമീപിച്ച വരോടു് അദ്ദേഹം ദാനിയേലിൻെറ അനുഭവ കഥയാണ് ചൂ ക്കാണിച്ചതു്. പ്രസിദ്ധമായ അ ഭാഷണവിവരം അദ്ദേഹത്തിൻെറ

പ്രതിവാരപ്രഭാഷണം (The Sermon for the Week)

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം"

(എ. ററി.)

"വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന് എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ. അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു."
(ഫിലിപ്പിയർ 2, 15, 16)

ഓരോ ക്രിസ്ത്യാനിയും അവന്റെ ജീവിതവും വചനങ്ങളും കൊണ്ടു യേശുക്രിസ്തുവിന്റെ സുവിശേഷം ലോകത്തെ അറിയിക്കുവാനായി വിളിക്കപ്പെട്ടിരിക്കുന്നു. നാമോരോരുത്തരും അറിഞ്ഞും അറിയാതെയും ആ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. നാം സുവിശേഷം പ്രസംഗിച്ചാലും ഇല്ലെങ്കിലും നമ്മുടെ ജീവിതം തന്നെ ഒരു പ്രസംഗമാണ്. നാം ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്നിടത്തോളം കാലം ഏതെങ്കിലും വിധത്തിൽ ക്രിസ്തുവിന്റെ സാക്ഷികളാകാതെ തരമില്ല. ഒന്നുകിൽ നമ്മുടെ സാക്ഷ്യം സുവിശേഷത്തിന്റെ യാഥാർത്ഥ്യത്തെ മററുള്ളവർക്കു വെളിപ്പെടുത്തുകയും അവരെ ക്രിസ്തുവിങ്കലേക്ക് ആകർഷിക്കുകയും ചെയ്യും. അല്ലെങ്കിൽ അതു മററുള്ളവരിൽ സുവിശേഷത്തെക്കുറിച്ചു വിരക്തി ഉളവാക്കി അവരെ ക്രിസ്തുവിൽ നിന്നകററും. ഏതെങ്കിലും ഒന്നു സംഭവിക്കാതെ തരമില്ല. സംഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

ക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുമതത്തെക്കുറിച്ചോ നമ്മുടെ അഭിപ്രായങ്ങൾ മററുള്ളവരെ അറിയിക്കുകയല്ല സുവിശേഷ ഘോഷണം. പ്രത്യുത ലോകചരിത്രത്തിൽ സംഭവിച്ച ഒരു മഹൽ കാര്യത്തിനു സാക്ഷ്യം വഹിക്കുകയാണ്. യേശുക്രിസ്തുവിൽ ദൈവം തന്റെ ജനത്തെ സന്ദർശിക്കുകയും വീണ്ടെടുക്കുകയും ചെയ്തു. യേശുവിന്റെ വരവോടുകൂടി ഒരു നവയുഗം ആരംഭിച്ചു. പഴയതെല്ലാം കഴിഞ്ഞുപോയി. എല്ലാം പുതുതായിത്തീർന്നിരിക്കുന്നു. പ്രവാചകന്മാരും വിശുദ്ധന്മാരും കാണ്മാൻ ആഗ്രഹിച്ചിട്ടും കാണ്മാൻ കഴിയാതെ ആ കാര്യം കണ്ടതിൽ അവരുടെ കണ്ണുകൾ ഭാഗ്യമുള്ളവയാണെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറയുകയുണ്ടായി. വരുവാനുള്ള തലമുറകളെക്കുറിച്ച് "കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ" എന്നു കർത്താവു പറഞ്ഞിട്ടുള്ളതും സ്മരണീയമാണ്.

വഴിതെററിപ്പോയ മനുഷ്യജാതിയെ തേടിപ്പുറപ്പെട്ട ദൈവം മനുഷ്യനായി അവതരിച്ച് മനുഷ്യന്റെ ഉദ്ധാരണം നിർവ്വഹിച്ചു. ദൈവത്തിന്റെ അതിരററ സ്നേഹത്തെ യേശു വെളിപ്പെടുത്തി. ദൈവം പിതാവാണെന്നും സ്നേഹസമ്പൂർണ്ണനാണെന്നും അറിയുന്നതു് ആശ്വാസകരം തന്നെ. എന്നാൽ ആ പിതൃസ്നേഹത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥിതിചെയ്യുന്നതു ക്രൂശാണ്. പാപമില്ലാത്ത ക്രിസ്തു പാപികൾക്കുവേണ്ടി മരണം വരിച്ചുവെന്നുള്ളതാണ് ക്രിസ്തുവിന്റെ മാഹാത്മ്യം. ദൈവം നല്ലവനാണെന്നും സ്നേഹമുള്ളവനാണെന്നും അറിഞ്ഞതുകൊണ്ടു മാത്രം കാര്യമായില്ല; ദൈവം തന്റെ സ്നേഹം നിമിത്തം തന്നെത്തന്നെ ബലികഴിച്ചു എന്നു നാം അറിയണം. ക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ അനുഭവിച്ചിരിക്കുന്ന ആ ദിവ്യസ്നേഹത്തിനു നമ്മെത്തന്നെ വിധേയരാക്കണമെന്നുള്ളതാണ് നമ്മുടെ പ്രഥമ കർത്തവ്യം. യേശുക്രിസ്തുവിനുവേണ്ടി നാം എന്തെങ്കിലും ചെയ്യണമെന്നുള്ളതിനേക്കാൾ പ്രധാനമായിട്ടുള്ളതു് താൻ നമുക്കുവേണ്ടി ചിലതെല്ലാം ചെയ്യുവാൻ നാം അനുവദിക്കണമെന്നുള്ളതാണ്. മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനും തന്റെ ജീവനെ അനേകർക്കു മറുവിലയായി കൊടുക്കുവാനുമാണ് വന്നതെന്നു കർത്താവു് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

യേശുക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുവാനുള്ള പ്രാപ്തി നമുക്കു ലഭിക്കണമെങ്കിൽ, തന്നെ സേവിക്കുവാൻ നമുക്കു കഴിയണമെങ്കിൽ, ആദ്യമായി താൻ നമ്മെ ശുശ്രൂഷിക്കുവാൻ നാം അനുവദിക്കണം. ഒരു ദാസനെപ്പോലെ സ്വന്തശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ താൻ ഒരുങ്ങിയപ്പോൾ പത്രോസ് വിസമ്മതിച്ചു. ഗുരു ശിഷ്യന്മാരുടെ കാൽ കഴുകുകയെന്നോ? എന്നാൽ പത്രോസിന്റെ കേവലം മാനുഷികമായ അഭിപ്രായം ദൈവഹിതത്തിനെതിരാണെന്ന് കർത്താവ് അവനെ മനസ്സിലാക്കി. ദൈവരാജ്യത്തിൽ മാഹാത്മ്യത്തിന്റെ മാനദണ്ഡം ശുശ്രൂഷ സ്വീകരിക്കയല്ല, ശുശ്രൂഷിക്കയാണെങ്കിലും പത്രോസിനു ശുശ്രൂഷിക്കുവാനുള്ള ആത്മാവു ലഭിക്കുവാനുള്ള ഏക മാർഗ്ഗം കർത്താവിന്റെ ശുശ്രൂഷ സ്വീകരിക്കയാണെന്നു താൻ അവനെ മനസ്സിലാക്കി. കർത്താവു കഴുകി വെടിപ്പാക്കാതെ പത്രോസിനു വിശുദ്ധി പ്രാപിക്കുന്നതു സാദ്ധ്യമല്ലായിരുന്നു. നമുക്കും അപ്രകാരം തന്നെയാണ്. നമ്മുടെ വിശുദ്ധീകരണത്തിനായി സഭ പ്രത്യേകം നിയമിച്ചിട്ടുള്ള ഒരു കാലഘട്ടമാണ് ഈ വലിയനോമ്പ്. കർത്താവു നമ്മെ കഴുകി വെടിപ്പാക്കുവാൻ തക്കവണ്ണം തന്റെ പരിചരണത്തിനു നാം വിനയത്തോടുകൂടി തല കുനിച്ചു കൊടുക്കേണ്ട ദിവസങ്ങളാണ് ഇവ. ആ അനുഭവം ഓരോ ദിവസവും നമുക്കുണ്ടാകുന്ന പക്ഷം നാം ക്രമേണ വിശുദ്ധിയിൽ വളരും. നമ്മുടെ ജീവിതം കർത്താവിന്റെ മഹത്വത്തെ പ്രതിബിംബിപ്പിക്കും. "നാം ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കും."

വചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു് ഈ പംക്തികളിൽ പിന്നാലെ ഉദ്ധരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഒരു ഇംഗ്ലീഷ് ലേഖനമായി അടുത്തു തന്നെ അതു പ്രസിദ്ധപ്പെടുത്തുമ്പോൾ മാന്യവായനക്കാർ സശ്രദ്ധം അതു വായിച്ച് ചിന്തിക്കണമെന്നപേക്ഷയുണ്ട്. ഡോക്ടർകട്ജു പുതിയ വിദേശമിഷ്യനറിമാർ ഇവിടെ പ്രവേശിക്കുന്നുവെങ്കിൽ ഗവൺമെൻറിന്റെ പ്രത്യേകാനുവാദം ഉണ്ടായിരിക്കണമെന്നും മിഷ്യനറി പ്രവർത്തനങ്ങളിൽ മതം മാററമെന്ന ലക്ഷ്യം ഇല്ലായിരിക്കണമെന്നുമാണ് പ്രസ്താവനയിൽ നിർബന്ധിച്ചു കാണുന്നതു്. വിദേശ മിഷ്യനറിപ്രവർത്തനങ്ങളിൽ വളരെയധികം നിയന്ത്രണം വരുത്തുന്ന ആ പ്രസ്താവന വികാരാവേശം കൂടാതെ സവിനയം നാം ശ്രദ്ധിച്ച് മനസ്സിലാക്കേണ്ടതാണ്. നിയന്ത്രണങ്ങളുടെ പ്രയോഗങ്ങൾ എപ്പോഴും നീതി[illegible]വകമായിയെന്നു വരുന്നതല്ല. അ[illegible]ാണ്ടു ഗവൺമെൻറ് ഇതു സം[illegible]ധിച്ചു വരുത്തുന്ന നടപടികളിൽ [illegible]ട സവിശേഷമായ ശ്രദ്ധ പതിക്ക[illegible] അനീതി പരമായി വരുന്നന[illegible]ൽ അധികൃത ശ്രദ്ധയിൽ പെ[illegible]വിവരണം വരുത്തുകയും ചെയ്യ[illegible]ക്കേണ്ട താണെന്നുള്ളതിനു് [illegible].

ചരിത്രപംക്തി

മലങ്കര സഭയിലെ അർക്കദിയാക്കോന്മാരും മാർതോമാമെത്രാന്മാരും

(പി. എം. പത്രോസ് മുളന്തുരുത്തി)

അനാദ്യന്തനായി പരമകാരുണികനായി മോക്ഷദാതാവായി ദിവ്യരക്ഷകനായി മനുഷ്യരാശിയുടെ വീണ്ടെടുപ്പിനായി അറുക്കപ്പെട്ട കുഞ്ഞാടായിരിക്കുന്ന മ്ശിഹാതമ്പുരാൻ കത്തിച്ചതും ഇന്നും പ്രോജ്ജ്വലിച്ചുകൊണ്ടിരിക്കുന്നതും ആയ ക്രൈസ്തവസഭയാകുന്ന ഈ മഹാദീപത്തെ ഭൂലോകമാസകലം ഉദ്ദീപിപ്പിക്കണമെന്നുള്ള തങ്ങളുടെ അരുമനായകന്റെ അന്ത്യോപദേശമനുസരിച്ച 1900-ൽ പരം വർഷങ്ങൾക്ക മുമ്പ് അക്കാലത്തെ ഗതാഗതമാർഗ്ഗദുർഘടം, ദൂരം, യാത്രാക്ലേശം മുതലായവയെ തൃണവൽഗണിച്ച് ഇന്ത്യയിലേക്ക തിരിച്ച ശ്രീയേശുക്രിസ്തുവിന്റെ പന്തിരുശിഷ്യരിൽ ഒരുവനാണ് സെന്റു തോമസ് മാർ തോമ്മാശ്ളീഹാ എന്നീ വിശിഷ്ട നാമധേയങ്ങളാൽ ക്രിസ്ത്യൻ സമൂഹത്തിനു ആകമാനം പരിശോഭിതനായി നമുക്കേവർക്കും കേൾവിമൂലം സുപരിചിതനായിരിക്കുന്ന സിദ്ധനെന്നുള്ളതു വിശേഷാൽ മുഖവുരയൊന്നും കൂടാതെ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾ ഏവർക്കും അറിയാവുന്നതാണ്.

പ്രാചീനകാലത്തെ അന്ധതയുടെയും ഇക്കാലത്തെ വിജ്ഞാനത്തിന്റെയും വിപര്യയമായി പരിലസിക്കുന്ന നവീനപരിഷ്ക്കാരമെന്ന സംസ്കാരവലികളാൽ ഗർഭീകൃതവും പരിപൂർണ്ണവുമായ സൌഭാഗ്യരഹസ്യങ്ങളും ഉൽകൃഷ്ടതത്വപരമ്പരകളും വിപുലങ്ങളായ ആശയവൈശിഷ്ട്യങ്ങളും; പ്രദ്യോതിപ്പിക്കുന്ന സാമൂഹ്യപരിഷ്ക്കാര പദ്ധതികളിൽ അന്തർലീനമായ സ്വാതന്ത്ര്യം സമത്വം സ്വാർത്ഥവിരക്തി, ശഹനങ്ങളായ ലോകധർമ്മസ്മൃതികൾ എന്നിവകളുടെ ബീജങ്ങൾ അങ്കുരിപ്പിച്ച ക്രൈസ്തവമതത്തിനു അതിന്റെ ജന്മദേശത്തെ അതിലംഘിച്ച് അത്യാശ്ചര്യകരമായ വിധത്തിൽ വ്യാപ്തി സിദ്ധിക്കാൻ ഇടയായതു് ആ മോക്ഷദാതാവായ മ്ശിഹാതമ്പുരാനാൽ സംസ്ഥാപിതമായതുകൊണ്ടത്രേ.

ക്രിസ്തുമതപ്രചരണാർത്ഥം സുവിശേഷമെന്ന വിശിഷ്ടദീപവുമേന്തി മാർത്തോമ്മാ ശ്ളീഹാ ക്രിസ്ത്വാബ്ദം 51-52-ൽ മലയാളക്കരയിൽ വന്നു് ഈ പുതുമതം പ്രസംഗിച്ചു. ചില ഇംഗ്ളീഷ് ചരിത്രകാരന്മാരും മററും ഈ യഥാർത്ഥത്തെ പ്രതിഷേധിക്കുന്നുണ്ടെങ്കിലും കേരളക്രൈസ്തവർ അതിനെ അനുകൂലിക്കുന്നില്ല. സെന്റുതോമസ് ഇൻഡ്യയിൽ വന്നിട്ടുപോലും ഇല്ലെന്നും അതിലേക്കുള്ള തെളിവുകൾ യാതൊന്നും തങ്ങളുടെ വേദശാസ്ത്രസഞ്ചയത്തിൽ കാണ്മാനില്ലെന്നുംകൂടെ ചില ക്രൈസ്തവമതവിഭാഗക്കാർ പ്രസ്താവിച്ചിട്ടുണ്ട്. പുരാതനകാലം മുതൽ തങ്ങൾക്ക മാർത്തോമ്മാശ്ളീഹായെപ്പററി ലഭിച്ചിട്ടുള്ള പാരമ്പര്യങ്ങളേയോ ചരിത്രസാക്ഷ്യലക്ഷ്യങ്ങളേയോ അവഗണിപ്പാൻ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ ഒരുക്കവുമല്ല.

മാർതോമ്മാശ്ളീഹായുടെ പ്രസംഗംമൂലം ഈ പുതുമതാവലംബികളായിത്തീർന്ന ശങ്കരപുരി, പകലോമററം, എന്നീ കുടുംബങ്ങളിൽ നിന്നു് അദ്ദേഹം ഓരോ പട്ടക്കാരേയും നിയമിച്ചാക്കി. ഈ കുടുംബങ്ങളിലെ അനന്തരഗാമികളായ പുരോഹിതന്മാർ കൊരക്കേണി കൊല്ലം മുതൽ പാലൂരുവരെ അധിവസിച്ചിരുന്ന ക്രിസ്ത്യാനിപ്പരിഷകൾക്ക വേണ്ടതായ ദിവ്യകർമ്മാനുഷ്ഠാനങ്ങൾ ചെയ്തും വേദോപദേശം നടത്തിയും ഏകദേശം ഇരുനൂറു കൊല്ലത്തോളം സഭാഭരണം നടത്തിവന്നു. കാലഗതിയുടെ പ്രാതികൂല്യത്താലും മററും അനന്തരകാലത്തു പട്ടക്കാർ ഇല്ലാതെ വന്നതിനാൽ അക്കാലത്തെ ജനങ്ങളുടെ ആത്മദീഷ്ഠതികൾ 'കരമൂപ്പന്മാർ' എന്നൊരു വർഗ്ഗക്കാരാണു നടത്തിയിരുന്നതു്. ഈ വിധത്തിൽ ഏതാണ്ടു മുന്നൂറു സംവത്സരക്കാലം മലങ്കര നസ്രാണി സമൂഹം മേല്പട്ടക്കാരും പട്ടക്കാരും ഇല്ലാതെ വിവശരായി കഴിഞ്ഞുവരവെ ഏതാണ്ടു അക്കാലത്തോടടുത്തു ഉറഹായിലെ എപ്പിസ്കോപ്പായ്ക്കുണ്ടായ ഒരു ദിവ്യദർശനം മൂലം യറുശലേം പാത്രിയർക്കീസു (കാതോലിക്കാ) അവിടെ നിന്നു ക്നായിത്തൊമ്മനെ മലങ്കരസഭയുടെ സ്ഥിതിഗതികൾ അറിഞ്ഞുവരുന്നതിലേക്ക നിയോഗിച്ചയയ്ക്കുകയും സുപ്രസിദ്ധനും മതപരിഷ്ക്കാരിയും സമുദായാഭിമാനിയുമായ ആ വണിക്കശ്രേഷ്ഠൻ കൊടുങ്ങല്ലൂരെത്തി മലങ്കരസുറിയാനിസഭയുടെ ഏതാവൽപര്യന്തമുള്ള വൃത്താന്തങ്ങൾ നേരിട്ടും തിരക്കിയും മനസ്സിലാക്കി വിവരങ്ങൾ കാതോലിക്കായെ അറിയിക്കയും അതനുസരിച്ച് അന്ത്യോഖ്യായിലെ യുസ്തൂദ് യൂസ്സ പാത്രിയർക്കീസു ബാവാതിരുമനസ്സിലെ അനുമതിയോടുകൂടി ഉറഹായുടെ യൌസേപ്പു എപ്പിസ്കോപ്പായേയും പട്ടക്കാർ ശെമ്മാശന്മാർ അത്മായക്കാർ തുടങ്ങി ഒട്ടനവധി ആളുകളെ മലങ്കരസഭയിലെ പട്ടക്കാരുടെ അഭാവത്തേയും ന്യൂനതയേയും പരിഹരിപ്പിനായി മലയാളത്തേക്ക അയച്ചതായും അവർ എ. ഡി 345-ൽ കൊടുങ്ങല്ലൂർ എത്തി സഭാഭരണകാര്യങ്ങളും മററും ക്രമപ്പെടുത്തുകയും കേരളചക്രവർത്തിയായ ചേരമാൻ പെരുമാളിൽനിന്നു ചെപ്പേടുകൾ ബഹുമാനപദവികൾ ആദിയായ പല ആനുകൂല്യങ്ങളും അവകാശങ്ങളും സമ്പാദിച്ചു കൊടുങ്ങല്ലൂരിൽ രാജപദവിക്ക സമാനരായി വാഴുന്നതായുമാണു മലങ്കരസഭാചരിത്രവും പാരമ്പര്യവും ഘോഷിക്കുന്നതു്.

ഈ കനാൻ തോമ്മായുടെ അനന്തരശ്രമം മലങ്കരസഭയ്ക്കു സുസ്ഥിരമായ ഒരു പൌരോഹിത്യസ്ഥാപന വിഷയത്തിലായിരുന്നു. അതിലേക്കായി അദ്ദേഹമൊന്നിച്ചു വന്ന ഔസേപ്പ് എപ്പിസ്കോപ്പായും മററു വൈദികഗണങ്ങളുമായി ആലോചനകൾ നടത്തുകയും തൽഫലമായി മാർത്തോമ്മാശ്ളീഹായിൽനിന്നു പട്ടത്വം സ്വീകരിച്ചിരുന്ന പകലോമററം തറവാട്ടിലെ ഒരു അംഗത്തെ ഒന്നാമത്തെ അർക്കദിയാക്കോൻ എന്ന സ്ഥാനപ്പേരിലും മററു കുടുംബങ്ങളിൽനിന്നു ആവശ്യാനുസരണം പട്ടക്കാരേയും അഭിഷേകം ചെയ്തു നിയമിച്ചാക്കി. ഈ പട്ടത്വം അനുസ്യൂതമായി ഏതാണ്ടു എട്ടാം ശതാബ്ദംവരെ നിലനിന്നു. ഏകദേശം ക്രിസ്ത്വാബ്ദം എട്ടാം ശതകത്തിന്റെ ഏതാണ്ടു പൂർവ്വാർദ്ധംവരെ എന്നും കണക്കാക്കുന്നതിൽ പക്ഷാന്തരമുണ്ടാവാൻ ഇടയില്ല. പ്രസ്താവകകാലഘട്ടത്തിലാണു 'കാദീശങ്ങൾ' എന്നു നാം അഭിമാനപൂർവ്വം നാമകരണം ചെയ്തിരിക്കുന്ന മാർ സാബോർ മാർ പ്രോത്തു എന്ന രണ്ടു എപ്പിസ്കോപ്പന്മാരുടെ ആഗമനം ഉണ്ടായതു്. ഇവരുടെ കാല[illegible] ശേഷവും അർക്കദിയാക്കോന്മാർ സഭാ[illegible]ണം നടത്തിയിരുന്നതായിട്ടാണു വിച[illegible]രിക്കേണ്ടതു്. തുടർന്നു എ. ഡി 1[illegible] വരെ അർക്കദിയാക്കോന്മാരായും സ[illegible] യായിൽ നിന്നു കാലാകാല[illegible] വന്നിരുന്ന ഒരു സങ്കരവർഗ്ഗം [illegible] സ്കോപ്പന്മാരായും ഈ സഭയെ[illegible] വന്നു.

വേദവായനക്കുറിപ്പുകൾ

തിങ്കൾ. യോഹന്നാൻ 8. 1—11

ആ സ്ത്രീ പാപം ചെയ്തു എന്നുള്ളതിൽ സംശയമില്ല. എന്നാൽ അവളെ കർത്തൃസന്നിധിയിലേക്കാനയിച്ചവർ അവൾ ശിക്ഷിക്കപ്പെട്ടു കാണുവാനാഗ്രഹിച്ചതോടൊപ്പമോ അതിലുമുപരിയായോ കർത്താവിനെ കുററം ചുമത്തുന്നതിനു് ഒരു പഴുതു് അന്വേഷിക്കുകയും കൂടെ ചെയ്തു. അവരുടെ കൗശലം മനസ്സിലാക്കിയ കർത്താവു് എത്രയും ബുദ്ധിപൂർവം നീതിപൂർവ്വമായ ഒരു മറുപടിയാണു നൽകിയതു്. കർത്താവു് സാവകാശത്തോടെ നൽകിയ മറുപടി അവരോരോരുത്തരേയും വല്ലതെ ക്ലേശിപ്പിച്ചു. ഒന്നിനു പുറകെഒന്നായി അവരോരോരുത്തരും "ഞാനേതു മറിഞ്ഞില്ല" എന്നഭാവത്തിൽ അവിടെനിന്നു് ഇറങ്ങിപ്പോയി. കർത്താവു് അവരെ കുററം വിധിച്ചില്ല. അവർതന്നെ അവരെ കുററം വിധിക്കുന്നതിനു് താൻ അവർക്കു് സന്ദർഭം കൊടുത്തു. കർത്താവു് ആ സ്ത്രീയെയും കുററം വിധിച്ചതായി കാണുന്നില്ല. അവളെ നിരപരാധിയായി പരിഗണിച്ചതുമില്ല. അവൾ പാപം ചെയ്തു എന്നു വ്യക്തമായിരുന്നുവല്ലോ. 'കാണാതെ പോയതിനെ തെരഞ്ഞുരക്ഷിപ്പാൻ" വന്നവൻ നീതിപൂർവം കരുണാസമന്വിതം വേണമല്ലോ വർത്തിക്കുവാൻ. കർത്താവിന്റെ വർത്തനാരീതി പാപവിമുക്തമായ ഒരു ജീവിതം നയിക്കുന്നതിനുള്ള ശക്തി അവൾക്കു നൽകിക്കാണണം. നന്മയുടെ ഉത്തുംഗശൃംഗത്തിൽ നിൽക്കുവാനോ ന്യായധിപസ്ഥാനത്തു് ഇരിക്കുവാനോ നാമാരും യോഗ്യരല്ലാ. നമ്മെല്ലാവരും ദൈവത്തിന്റെ പാപക്ഷമയ്ക്കു് ആവശ്യമുള്ളവരാകുന്നു. സാമൂഹ്യജീവിതത്തിൽ നമ്മുടെ നിലപാടു് എപ്രകാരമുള്ള പരിവർത്തനത്തെയാണു സഹായിക്കുന്നതു്.

ചൊവ്വാ യോഹന്നാൻ. 8.12–14

20-ാംവാക്യംകൊണ്ടു് കർത്താവു് ദേവാലയത്തിൽവച്ചു് ഈ വചനങ്ങൾ [illegible]ളിച്ചു എന്നു വെളിവാണു്. അതു് ക്രു[illegible]പെരുനാളിന്റെ സന്ദർഭവുമായിരു[illegible]. ആ പെരുനാളിന്റെ ആദ്യ ദിവസം, മരുഭൂമിയിൽക്കൂടെ സഞ്ചരിച്ച [illegible]സ്രായേൽജനത്തിനു് വെളിച്ചം നൽ[illegible] അഗ്നിസ്തംഭത്തെ അനുസ്മരി[illegible]ിനു് ഒരു വലിയ വിളക്കു് [illegible]യത്തിൽ കത്തി[illegible]വായിരുന്നു. അതു മുമ്പിൽ കണ്ടുകൊണ്ടായിരിക്കാം ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു. എന്നു് കർത്താവു് അരുളിചെയ്തതു്. ക്രിസ്തുവിന്റെ അനുയായികൾക്കു് ക്രിസ്തു ആരാണെന്നു് വിശദീകരിക്കുവാൻ "വിളക്കു്"കവിഞ്ഞു് മറെറാരു പദം കണ്ടുപിടിക്കുക പ്രയാസമായിരിക്കും. അവിടന്നു് മനുഷ്യരുടെയും ലോകത്തിന്റെയും വെളിച്ചം ആകുന്നു. അന്ധകാരത്തിൽ തപ്പിതടഞ്ഞു യാത്രചെയ്യുന്ന ഈ ലോകത്തിൽ നമ്മുടെ പരമമായ ആവശ്യം വെളിച്ചം ആകുന്നു. ആ വെളിച്ചത്തെ അനുഗമിക്കുന്നവർ ലോകത്തെ ആവരണംചെയ്യുന്ന അന്ധകാരത്തെ വിജയിക്കുന്നു. എന്നുവച്ചാൽ ക്രിസ്തുവിന്റെ ആത്മാവിനു മാത്രം സ്വാധീനമാകുന്ന ജീവിതം സാധിനമാക്കിതീർക്കുന്നു. നമുക്കാർക്കുംതന്നെ വെളിച്ചമാകുവാൻ സാധ്യമല്ല. എന്നാൽ വെളിച്ചത്തെ പ്രതിഫലിപ്പിക്കുന്ന ഉപകരണങ്ങളായിതീരാം.

ബുധൻ. യോഹന്നാ 8. 18–19

സ്നേഹത്തോടും വിശ്വാസത്തോടുംകൂടെ തന്നെ സമീപിക്കുന്നവൎക്കു് ക്രിസ്തു ആരാണെന്നു് ഗ്രഹിക്കുവാൻ കഴിയും. വിളക്കു് പ്രകാശം നൽകുന്നു എന്നുള്ളതു് തന്നെ അതു് വിളക്കാണെന്നുള്ളതിനു് തെളിവാണു്. എന്നാൽ വിശ്വാസവും സ്നേഹവുംകൂടാതെ സമീപിക്കുന്നവനു് അതു് തിരിച്ചറിയുവാൻ കഴിഞ്ഞു എന്നു വരുന്നതല്ല. ഇവിടെ പരീശന്മാർ സംശയാലുക്കളായി നിൽക്കുന്നതു് കാണുക. ക്രിസ്തുവിനു് തങ്ങളെ തന്നെ സമർപ്പിക്കുവാൻ അവർ സന്നദ്ധരായിരുന്നില്ല. ആ അനുഭവമില്ലാത്ത അവരെങ്ങിനെയാണു് തന്റെ ഉപദേശം ഗ്രഹിക്കുന്നതു്. "നിന്റെ പിതാവു് എവിടെ" എന്നുള്ള അവരുടെ ചോദ്യം ഒരുത്തരം സ്വീകരിക്കുന്നതിനുള്ള അവരുടെ അപ്രാപ്തിയത്രേ കാണിച്ചതു്. യേശുവിനെ അറിയുന്നതിൽ കൂടെയാണു് ദൈവത്തെ അറിയുന്നതു്. "എന്നെകണ്ടവൻ പിതാവിനെ കണ്ടു." യേശുവിന്റെ ഹൃദയത്തിൽ കത്തികൊണ്ടിരുന്ന സ്നേഹം ദൈവസ്നേഹമായിരുന്നു. ആ സ്നേഹം നമുക്കു് യഥാർത്ഥമായി തീരുമ്പോൾ നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കഴിഞ്ഞു. നമുക്കു് നമ്മുടെ ജീവിതം പൂർണ്ണമായി ക്രിസ്തുവിനു സമർപ്പിക്കുകയും കൂടുതൽ വിശ്വസ്തതയോടുകൂടെ ജീവിക്കുന്നതിനാവശ്യമായ കൃപ യാചിക്കുകയും ചെയ്യാം.

വ്യാഴം. യോഹ: 8. 31–36

യഹൂദന്മാർ അവൎക്കുള്ള സ്വാതന്ത്ര്യത്തെപററി അഭിമാനം കൊണ്ടിരുന്നവരാണു്. എന്നുവച്ചാൽ അബ്രഹാമിന്റെ സന്തതികൾ എന്നനിലയിൽ അവൎക്കുള്ള അവകാശങ്ങളിലും പദവികളിലും പ്രത്യേകിച്ചു് ദൈവമുമ്പാകെ കൂടുതൽ അനുകൂല്യത്തിനുള്ള അവകാശത്തിലും അവർ അഭിമാനിച്ചിരുന്നു. എന്നാൽ യഥാർത്ഥസ്വാതന്ത്ര്യം എന്താണു്? അടിമത്വംകൂടാതെ ജീവിക്കുന്നതിനുള്ള സാധ്യതകൊണ്ടുമാത്രം സ്വാതന്ത്ര്യമായില്ല. നീതിയായിട്ടുള്ളതു് ചെയ്യുവാനുള്ള ശക്തികൂടെ ലഭിക്കേണ്ടതു് അതിനു് ആവശ്യമത്രെ. പാപത്തിൽ ജീവിക്കുന്ന പലരും അതേപ്പററി ബോധമില്ലാത്തവരായിരുന്നേക്കാം. എന്നാലും അവർ പാപത്തിന്റെ അടിമകൾ തന്നെയാണു്. ഞാൻ ചെയ്യണമെന്നാഗ്രഹിക്കുന്ന നന്മ ചെയ്യാതെ പോകുന്നു. ചെയ്യരുതെന്നു് ആഗ്രഹിക്കുന്ന നന്മചെയ്തുപോകുന്നു. എന്നാണല്ലോ പൗലൊസ് അപ്പോസ്തലൻ പ്രഖ്യാപിക്കുന്നതു്. നമുക്കിഷ്ടമുള്ളതു് ചെയ്യുവാനുള്ള അവകാശമല്ല. യഥാർത്ഥ സ്വാതന്ത്ര്യം കൊണ്ടു് വിവക്ഷിക്കപ്പെടുന്നതു്. എന്നാലോ നാം ചെയ്യേണ്ടതു് ചെയ്യുവാനുള്ള ശക്തിയത്രെ യഥാർത്ഥ സ്വാതന്ത്ര്യംകൊണ്ടു് ഉദ്ദേശിക്കപ്പെടുന്നതു്. നമ്മുടെ ആവശ്യം എന്താണെന്നു് മനസ്സിലാക്കുകയാണു് നമ്മുടെ പ്രഥമ ആവശ്യം. അതു് നാം മനസ്സിലാക്കികഴിയുമ്പോൾ "പുത്രൻ നിങ്ങൾക്കു് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും" എന്നു കർത്തൃവചനം നമുക്കു സവിശേഷമായി അനുഭവപ്പെടുന്നതാണു്.

വെള്ളി. യോഹ. 9. 1–7

ജീവിതത്തിലുണ്ടാകുന്ന ഓരോ ക്ലേശവും ഏതോ പാപത്തിനു് ദൈവം നൽകുന്ന ശിക്ഷയാണെന്നു് യഹൂദന്മാർ വിശ്വസിച്ചിരുന്നു. ആ വിധത്തിലുണ്ടാകുന്ന ക്ലേശം തങ്ങളുടെയോ പൂർവ്വജന്മാരുടെയോ പാപത്തിനായിരിക്കാമെന്നും അവർ കരുതിയിരുന്നു. ഈ മനുഷ്യൻ കുരുടനായിജനിച്ചതു് ആ നിലയിൽ അവന്റെ മാതാപിതാക്കന്മാരുടെ പാപഫലമായിട്ടായിരുന്നു. നമുക്കുണ്ടാകുന്ന കഷ്ടതകൾ ചിലപ്പോൾ നമ്മുടെ പാപഫലമായി വരാം. എന്നാൽ എല്ലായിപ്പോഴും അങ്ങനെ ആയിരിക്കണമെന്നില്ല. ക്ലേശങ്ങൾക്കു് കാരണമെന്തെന്നു് വിശദീകരിക്കുവാൻ കർത്താവു് ശ്രമിച്ചില്ല. ഏതായാലും അതു് പൂർവകർമ്മഫലമെന്നുള്ള അഭിപ്രായത്തെ താൻ നിഷേധിക്കുകതന്നെ ചെയ്തു. സ്വന്തജീവിതത്തിൽ കഷ്ടതകളനുഭവിക്കേണ്ടിവന്ന

പ്പോൾ അവയെ സ്വാഗതം ചെയ്തു് അവ ദൈവമഹത്വത്തിനായി ആക്കിത്തീർക്കാമെന്നു് കർത്താവു് കാണിച്ചു. എന്നാൽ മററുള്ളവരുടെ കാര്യത്തിൽ കഷ്ടതകളെ പരിഹരിക്കുന്നതിനും ലഘൂകരിക്കുന്നതിനും ആയിരങ്ങളെയുള്ള സന്ദർഭങ്ങൾ താൻ വിനിയോഗിച്ചു. അതു തന്നെയാണല്ലോ കുരുടനു് സൌഖ്യം നൽകിയതു മൂലം കർത്താവു് ചെയ്തതു്. മനുഷ്യൻ കഷ്ടത അനുഭവിക്കണമെന്നുള്ള ദൈവത്തിന്റെ ഇഷ്ടമല്ല. അതിനു് താൻ അനുവദിക്കാറുണ്ടെങ്കിലും അവയെ പരിഹരിക്കുവാൻ താൻ ഇഷ്ടപ്പെടുന്നു. അതിനു നമ്മുടെ സഹായം താൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു. രോഗികളും അശരണരും ആയുള്ളവരെ ക്രമമായി ദൈവതിരുസന്നിധിയിൽ ഓർത്തു പ്രാർത്ഥിക്കുന്ന ഒരു പതിവു നമുക്കുണ്ടോ?

ശനി. യോഹന്നാൻ 14 1–6

തോമസ് അപ്പോസ്തലനു് കർത്താവിന്റെ വചനങ്ങൾ ഗ്രഹിപ്പാൻ കഴിഞ്ഞില്ല. പ്രായോഗികമനസ്കനായ ആ അപ്പോസ്തലൻ പരിഭ്രാന്തനായെന്നപോലെയാണു് കർത്താവേ നീ എവിടെ പോകുന്നു എന്നു് ഞങ്ങൾ അറിയുന്നില്ല എന്നിങ്ങനെ മറുപടി പറഞ്ഞതു്. ഒരു ക്രൈസ്തവൻ എങ്ങിനെ ജീവിക്കണമെന്നു് പലർക്കും കാണിച്ചുതരുവാൻ കഴിയും. "എന്നാൽ ഞാൻ തന്നെ വഴി" എന്നു് പറയുവാൻ ക്രിസ്തുവിനേ കഴിയൂ. ദൈവത്തിങ്കലേക്കുള്ള വഴിയേ സഞ്ചരിച്ച ഒരു മനുഷ്യൻ മാത്രമായിരുന്നില്ല ക്രിസ്തു. എന്നാലോ അവനിലത്രേ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നതു്. സ്വർഗ്ഗത്തിലേക്കു നയിക്കുന്ന വഴി ക്രിസ്തുവിലുള്ള വിശ്വാസവും അനുസരണവും മാത്രമത്രേ. തന്നെ നാം അറിഞ്ഞു തുടങ്ങുന്നതോടുകൂടെ പലതും നമുക്കു് വ്യക്തമായി കാണുവാൻ കഴിയുന്നതാണു്. താൻ നിയമസംഹിതകൾ ഒന്നും നമുക്കു തന്നിട്ടില്ല. "എന്നെ അനുഗമിക്കുക." എന്ന ആജ്ഞ മാത്രമാണു് നമുക്കു ലഭിച്ചിരിക്കുന്നതു്. ആ ആജ്ഞ ആത്മാർത്ഥമായി അനുസരിക്കുന്നവർക്കു് ശരിയായ മാർഗ്ഗത്തിൽക്കൂടെ സഞ്ചരിച്ചു് ലക്ഷ്യത്തിൽ എത്തുന്നതിനു വേണ്ട ശക്തി ലഭിക്കുന്നതായിരിക്കും.

ചർച്ചു് വീക്കു്ലി വരിസംഖ്യ

	രൂ.	ണ.	സ.
ഒരു വർഷത്തേക്കു്	6	0	0
അറു മാസത്തേക്കു്	3	0	0
ഒററപ്രതി	0	2	0
ഇൻഡ്യയ്ക്കു വെളിയിൽ	8	0	0

നമ്മുടെ ആത്മീയ നിലവാരം

(റവ. ഡീക്കൻ. എം. വി. ജോർജ്ജ് എം. എ. എസ് ടി. എം.)

നിരൂപണം ആർക്കും തന്നെ സാധാരണ രുചിക്കാറില്ല. എന്നാൽ സ്വയനിരൂപണം പുരോഗതിക്കു് അത്യന്താപേക്ഷിതമായ ഒന്നത്രേ. ചർച്ചുവീക്കു്ലിയുടെ ഒരു പ്രധാന കടമ ആത്മപരിശോധനയ്ക്കു് വായനക്കാരെ സഹായിക്കുക എന്നുള്ളതാണല്ലോ. തിരു-കൊച്ചിയുടെ ഇന്നത്തെ ആത്മീയനിലവാരം പൊതുവേ അല്പം അധഃപതിച്ചിട്ടുണ്ടെന്നു് പറയുമ്പോൾ അതു് ഇവിടെ മാത്രമുള്ള ഒരു പ്രത്യേകതയല്ലെന്നു് പലർക്കും തോന്നാമെങ്കിലും പൊതുവേ ആധുനിക ലോകത്തിന്റെ രോഗാവസ്ഥയിൽ അല്പം കൂടുതലായ രോഗം നമ്മെ ബാധിച്ചിട്ടില്ലയോ എന്നു തോന്നിപ്പോകുന്നു. പൌലൂസ് ശ്ലീഹാ തിമോഥെയോസിനെ അനുസ്മരിപ്പിച്ച അന്ത്യകാലലക്ഷണങ്ങൾ ഇന്നു് പൂർവ്വാധികം ദൃശ്യമല്ലയോ എന്നു ആത്മപരിശോധന നടത്തുക. "അന്ത്യകാലത്തു് ദുർഘട സമയങ്ങൾ വരും എന്നറിയുക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴികാ"(2 തിമൊ. 3:—1 5)

ധാർമ്മികമായി നാമും നമ്മുടെ ജനവും അധഃപതിച്ചിട്ടുണ്ടെന്നുള്ളതിനു് പല ലക്ഷണങ്ങളും കാണാവുന്നതാണു്. ഇപ്പോൾ നടന്നുകഴിഞ്ഞിരിക്കുന്ന വിവിധ നിയോജകമണ്ഡലങ്ങളിലെ തെരഞ്ഞെടുപ്പുപ്രസംഗങ്ങളും വർത്തമാനക്കടലാസ്സുകളുടെതന്നെ സത്യത്തെ മറന്നുള്ള പ്രസ്താവനകളും അസഭ്യമായ ഭാഷയിൽ നടന്ന പ്രസംഗങ്ങളും സാധുക്കളുടെ പേരുപറഞ്ഞു് വിപ്ലവാസക്തിയോടുകൂടി നടത്തുന്ന കോലാഹലങ്ങളും ദൈവത്തിന്റെ പേരുപറഞ്ഞിട്ടു് നിരീശ്വരന്മാരെപ്പോലെ സ്വജനങ്ങളോടുള്ള പെരുമാററങ്ങളും ഇന്നും നിലവിലിരിക്കുന്ന സാമ്പത്തികവും സാമൂഹ്യവുമായ ജാതിഭ്രഷ്ടിനു് തുല്യമായ ചേരിതിരിച്ചിലുകളും സിനിമാശാലകളിലേക്കുള്ള ജനപ്രവാഹവും വിദ്യാലയങ്ങളിലെ അച്ചടക്കരാഹിത്യവും പള്ളികളിലും ഇടവകകളിലും പോലുമുള്ള അന്തഃഛിദ്രങ്ങളും കണ്ണുതുറന്നു നോക്കുന്ന യാവനൊരുവന്റെയും ഹൃദയം പൊട്ടിപ്പോകത്തക്ക സങ്കടമുണ്ടാക്കുന്ന അധഃപതിച്ച ഒരു ആത്മീയനിലവാരമാണു് ഇന്നു് മലയാളക്കരയിൽ കാണുന്നതു്. ഡോക്ടർ ഏണസ്റ്റു് പേറനുമായി ഈ അടുത്തയിട തിരുവനന്തപുരത്തുവച്ചു് ഈ ലേഖകൻ നടത്തിയ സംഭാഷണത്തിൽ തിരു-കൊച്ചിയിലെ കൺവെൻഷൻ പ്രസംഗങ്ങൾകൊണ്ടു് വേണ്ടത്ര ഗുണമുണ്ടാകുന്നില്ലെന്നു മാത്രമല്ല ഗുണത്തെക്കാൾ കൂടുതൽ ദോഷമാണുണ്ടാകുന്നതെന്നുപോലും അദ്ദേഹം സൂചിപ്പിച്ചതു്. സുവിശേഷപ്രസംഗങ്ങളിൽ ഭാഗഭാക്കുകളാകുന്ന നമുക്കു് സങ്കടമുണ്ടാക്കുന്ന ഒരു സത്യപ്രസ്താവനയല്ലയോ? അദ്ദേഹം അതിനു പറയുന്ന ന്യായം പ്രസംഗം കേൾക്കുന്ന ജനങ്ങൾക്കു് ആ സമയത്തുണ്ടാകുന്ന ഹൃദയച്ചൂടിനു് അനുസരണമായുള്ള പ്രവർത്തനങ്ങൾക്കുള്ള സാദ്ധ്യതയും ആഹ്വാനവും തിരു-കൊച്ചിയിലെ ക്രിസ്ത്യാനികൾക്കു ലഭിക്കായ്കയാൽ ഈ പ്രസംഗങ്ങൾ അവരുടെ ഹൃദയത്തെ കൂടുതൽക്കൂടുതൽ കഠിനമാക്കുന്നു എന്നാണു്. അനവരതം നിർഗ്ഗമിക്കുന്ന ക്രിസ്തീയസ്നേഹം പ്രവർത്തനരഹിതനായിരിക്കുവാൻ ഒരു ക്രിസ്ത്യാനിയെ അനുവദിക്കുന്നതല്ല. തിരു-കൊച്ചിയിലെ ക്രിസ്ത്യാനികൾ പൊതുവായി സ്വയം സംതൃപ്തരായ ഒരു കൂട്ടമാണെന്നുള്ളതു നമ്മുടെ ഇടവകകളിലെ ശുഷ്കിച്ച ആദ്ധ്യാത്മികനില വിളിച്ചുപറയുന്നു.

വിദേശങ്ങളിലുള്ള ക്രിസ്ത്യാനികൾ ഊന[illegible]വരാണെന്നോ എല്ലാക്കാര്യത്തിലും നമ്മെക്കാൾ ഉയർന്നവരാണെന്നോ പറയുന്നതല്ലെങ്കിലും അതിപ്രധാനമായ ക്രിസ്തീയസ്നേഹപ്രവർത്തനങ്ങളിൽ നമ്മെക്കാൾ വളരെ ഉന്നത[മാ]യ ഒരു സ്ഥാനത്താണു് അവർ നില[...] കൊള്ളുന്നതു്. അമേരിക്കയിലെ ദൈ[...] വസഭയെ കുറിച്ചു് (Church of Go[...] പ്രത്യേകം പറയുകയാണെങ്കിൽ സ[...] ശേഷവേലയ്ക്കു് വിശിഷ്യാ വിദേ[...] ഷ്യനു് കൈ തുറന്നുകൊടുക്കുന്ന [...] ത്തിൽ അവർ മററുള്ളവരെക്കാ[...] പുറകിലല്ലെന്നുള്ളതു് നിസ്സ[...]

ണ്ടു്. ന്യൂയോർക്കിനടുത്തു് നോർത്തു ബർഗൺ (North Bergen) എന്ന സ്ഥലത്തുള്ള ദൈവസഭാംഗങ്ങൾ ഒരു വർഷം സവിശേഷ വേല സ്സ ശതാശരി ഏകദേശം ...ത്തുരൂപാ കൊടുത്തു. സമൃതിപഥത്തിൽ വരുന്ന ദശാംശം ദൈവവേലയ്ക്കു് മാററിവയ്ക്കുന്ന പതിവു് അവർക്കു് ഒട്ടും പ്രയാസമായിരിക്കുന്നില്ല. കഷ്ടപ്പെടുന്ന ജനങ്ങൾക്കു വസ്ത്രം, ആഹാരം, മരുന്നു് മുതലായവ ദാനം ചെയ്തുകൊടുക്കുന്നതിനു് അവരുടെ ഹൃദയത്തിലുള്ള പ്രേരണതന്നെ നമ്മെക്കാൾ പുരോഗമിച്ച ഒരു ആത്മീകനില അവർക്കുണ്ടെന്നു പ്രസ്പഷ്ടമാക്കുന്നു. നാമാകട്ടെ സ്ഥാവരവസ്തുക്കളും ജംഗമസ്വത്തുക്കളും വർദ്ധിപ്പിക്കുന്നതിനാണു് കൂടുതൽ ശ്രദ്ധിക്കുന്നതു്. തന്മൂലം ഏതാണ്ടു രണ്ടായിരംകൊല്ലമായിട്ടും ഇങ്ങനെ ഒരുകൂട്ടം ക്രിസ്ത്യാനികൾ ഇന്ത്യയിലുണ്ടെന്നുള്ളതിനെക്കുറിച്ചു് അജ്ഞരായ ആളുകളത്രേ ഇന്ത്യയിലധികവുമുള്ളതു്.

ഭൗതികവാദാധിഷ്ഠിതമായ കമ്മ്യൂണിസം ഏതു രാജ്യത്തിന്റെയും ആദ്ധ്യാത്മികനിലവാരത്തെ അധഃപതിപ്പിക്കുന്ന ഒന്നാണു്. മതേതരമായ ഒരു ഭരണകൂടത്തെക്കാൾ മതവിരോധിയായ ഒരു ഭരണകൂടം ദോഷം ചെയ്യുന്നുള്ളതു് തർക്കമററ ഒരു സംഗതിയാണു്. എന്നാൽ അഭ്യസ്തവിദ്യരായ അനേകരുള്ള ഈ തിരു-കൊച്ചിയിൽ എന്തുകൊണ്ടു് അവരിൽ ഒരു നല്ല പങ്കു് കമ്മ്യൂണിസത്തിലേക്കു പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ളതു് ക്രിസ്തീയ നേതാക്കന്മാർ [illegible]മായി ചിന്തിക്കേണ്ട ഒരു വിഷയമാണു്. യുവത്വം നൂതനമായ ആദർശങ്ങൾക്കുവേണ്ടി വെമ്പൽ കൊള്ളുന്ന ഒരു പ്രായമാണു്. അവർ നോക്കുമ്പോൾ യേശുക്രിസ്തുവിൽ ഒരു ന്യൂനതയുമില്ലെങ്കിലും ക്രിസ്ത്യാനികൾ ക്രിസ്തുമാർഗ്ഗത്തിൽനിന്നു് വളരെ വിദൂരസ്ഥരായിപ്പോയി എന്നു അവർക്കു തോന്നുന്നു. യേശുക്രിസ്തു അഗതികളെയും ആശ്രയമററവരെയും സഹായിച്ചു് ആജീവനാന്തം സാധുജനങ്ങളുടെ സഖിയായി ജീവിച്ചെങ്കിലും അദ്ദേഹത്തിന്റെ അനുഗാ...ൾ ആയിരിക്കേണ്ട ക്രിസ്ത്യാനികൾ ...വാന്മാരുടെ കൂട്ടാളികൾ ആണെ...ത്ര അവരുടെ അഭിപ്രായം. ഈ ...പണം ശരിയാണോ എന്നു് സഭാ...ികൾ ചിന്തിക്കുകയും ശരിയാ...ിൽ അതിനു് താമസംവിനാ പ...ണ്ടാക്കുകയും ചെയ്യേണ്ടതു് ന...ത്മീയ പുരോഗതിക്കു് അത്യ...മാണു്. സാമ്പത്തിക പുറുപാടുകൾ ഉള്ളവർ (haves) ഒരു വശത്തും ഇല്ലാത്തവർ (hove nots) മറുവശത്തും ചേരിതിരിയുമ്പോൾ ക്രിസ്ത്യാനികൾ ആ വിടവടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണു്. വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളവാൻ ലോകത്തിൽ വന്ന യേശുക്രിസ്തുവിന്റെ അനുയായികളായ നാം ഇന്നും ആ അനുരഞ്ജനകൃത്യം (work of reconciliation) തുടർന്നുകൊണ്ടു പോകേണ്ടതാണു്. ദൈവവുമായി നിരക്കപ്പെട്ടവർ സമസൃഷ്ടങ്ങളുമായി അതുപോലെ നിരക്കപ്പെടുന്നില്ലെങ്കിൽ ആദ്യത്തെ നിരപ്പും പൂർണ്ണമായില്ല. എന്നാണു് അതിന്റെ അർത്ഥം. നമ്മുടെ ദൈവവിശ്വാസം, പ്രാർത്ഥന, കൂട്ടായ്മ, വേദപുസ്തകവായന മുതലായ മതപരമായ ജീവിതാനുഷ്ഠാനങ്ങൾക്കു് അനുയോജ്യമായ രീതിയിൽ നമ്മുടെ കൊടുക്കൽ വാങ്ങൽ; സംസാരം, രാഷ്ട്രീയപ്രവർത്തനങ്ങൾ മുതലായ എല്ലാ ഇടപാടുകളും ക്രമീകരിക്കാതിരിക്കുന്നതു് ഈ നാട്ടിലെ സഭയുടെ വളർച്ചയ്ക്കു് ബാധകമായി നിൽക്കുന്നു. ഞായാഴ്ചയ്ക്കു അനുയോജ്യമായ മററു ആറുദിവസങ്ങളും ഉണ്ടാകുന്നതുവരെ നമ്മുടെ ആത്മീയ നിലവാരം ഉയരുവാൻ പോകുന്നില്ല.

ആത്മീയ ചിന്തകന്മാരെ നിരാശപ്പെടുത്തുന്ന ആധുനിക സന്മാർഗ്ഗിക നിലയ്ക്കു് ഒരു സമൂലപരിവർത്തനമുളവാക്കുവാൻ നമ്മാൽ എന്തു കരണീയമെന്നു് പ്രാർത്ഥനാപൂർവം ഓരോരുത്തരും തനിച്ചും കൂട്ടമായും ചിന്തിക്കേണ്ടതാണു് സായുധവിപ്ലവം കൂടാതെ ഇന്നത്തെ സാമ്പത്തികമായ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റിനെ സഹായിക്കേണ്ടതു് ഓരോ പൗരന്റെയും കടമയാണു്. എല്ലാവർക്കും ഒരുപോലെ സ്വത്തുകൊടുക്കുക എന്നുള്ളതല്ല പിന്നെയോ അവസരസമത്വം കൊടുക്കുക എന്നുള്ളതാ (equality of opportunity and not equality of possessions) ണു് നാം ലാക്കാക്കിവയ്ക്കേണ്ടതു്. ആ ക്രിസ്തീയ ചുമതലയുടെ നിർവാഹണത്തിനുവേണ്ടി ഓരോ ഇടവകയിലും ചെറിയ ചെറിയ ഗ്രൂപ്പുകൾ ഉണ്ടാകണം. പ്രസ്തുത ഗ്രൂപ്പുകൾ പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്ന പുളിമാവുപോലെ അതാതിടവകകളിൽ ഉയർന്ന ആദ്ധ്യാത്മിക നിലവാരം ഉണ്ടാകുവാൻ സ്വജീവിതത്താലും ഉപദേശത്താലും ജീവകാരുണ്യപ്രവർത്തനങ്ങളാലും സഹായിക്കേണ്ടതാണു്.

രണ്ടാമതായി മനഃപൂർവം വ്യാജപ്രസ്താവനകൾ പരത്തുന്ന പത്രക്കടലാസുകൾക്കു് പ്രചാരം ലഭിക്കാതിരിക്കുവാൻ തക്കവണ്ണം അവയെ നിരുത്സാഹപ്പെടുത്തുവാനും പൊതുപ്രയോജനത്തിനു് സഹായകമായ മാസികകൾക്കും വാരികകൾക്കും വർത്തമാനപത്രങ്ങൾക്കും പ്രചാരം ഉണ്ടാകത്തക്കവണ്ണം പ്രാദേശിക കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നതിനും സംഘടിതമായ യത്നം എല്ലാ ഇടവകകളിലും നടത്തേണ്ടതാണു് ആ ചുമതല നിർവ്വഹണത്തിനു് ഉൽസാഹി

Licence NO. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

കുന്നവർ പരസ്പരപകയും വൈരാഗ്യവും വർദ്ധിപ്പിക്കുന്ന എല്ലാ പ്രസ്ഥാനങ്ങളെയും തടയുന്നതിനും നിരപ്പിന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നതിനും ആക്ഷിണയത്നം ചെയ്യേണ്ടതത്രെ.

മൂന്നാമതായ, മുൻ പറഞ്ഞതുപോലെ നിർഗ്ഗമിക്കുന്ന സ്നേഹത്തിന്റെ ഏററവും വലിയ പ്രവർത്തനമായ സുവിശേഷയത്നത്തിനു വേണ്ടി അവിടവിടെ നടത്ത വീക്ഷണങ്ങൾ കൂട്ടി കൂടിയെങ്കിലും ഒരു നൂതനശ്രമം വരുത്തി—കൊച്ചിയിൽ ഉണ്ടായെങ്കിൽ മാത്രമെ ഇവിടെയുള്ള സഭകൾ ആദ്ധ്യാത്മികമായി ഉയരുകയുള്ളു. മിഷ്യനറിപ്രവർത്തനത്തിനു് ആത്മീയനിലവാരം ഉയർത്തുവാൻ കഴിയുമെന്നും അതിന്റെ അഭാവത്തിൽ പൊതുവേ അധഃപ്പതനം അനിവാര്യമാണെന്നും സഭാചരിത്രം അസന്ദിഗ്ദ്ധമായി തെളിയിച്ചിട്ടുണ്ടു്. തൊഴുത്തിൽ കുത്തുന്ന സഭാവിഭാഗങ്ങൾ ഇവിടെ വളരെയാണു്. അവയുടെ ഏവംവിധങ്ങളായ പ്രവർത്തനങ്ങൾ നമ്മുടെ മാതൃഭൂമിയിലെ 7 ലക്ഷം ഗ്രാമങ്ങളിലേക്കു വ്യാപിക്കുന്നതായാൽ ഇവിടെയുള്ള അവരുടെ വടംവലി വൃത്തങ്ങൾ അവരെയും മററുള്ളവരെയും നന്നായും സാമർഗ്ഗികമായി അധഃപതിപ്പിക്കുമെന്നുള്ളതിൽ രണ്ടു പക്ഷമില്ല.

അവസാനമായി എടുക്കുക പറയുവാനുള്ളതു് നമ്മുടെ കാതലായ വിശ്വാസത്തിന്റെ പ്രചാരവും അതിന്റെ പരിരക്ഷണത്തിനുവേണ്ടി എവരും കണിശവും തീക്ഷ്ണതയും ഒട്ടും അല്പമല്ലെന്നുള്ളതാണു്. ഒരുവന്റെ സർവ്വ പ്രവർത്തനത്തിന്റെയെല്ലാം ആധാരം അവന്റെ വിശ്വാസമാണു. ഭൗതികവാദവിശ്വാസമിവിടെ വർദ്ധിച്ചതുകൊണ്ടാണു് ആത്മീയ അധഃപതനമുണ്ടായതു്. ഒന്നാംകിട വേദശാസ്ത്രജ്ഞർ തിരുകൊച്ചിയിൽ എഴുന്നേൽക്കേണ്ടിയിരിക്കുന്നു. അങ്ങനെയുള്ളവരെ ഉയർത്തുന്ന ഒരു സാഹചര്യം ഇവിടെയുണ്ടായാൽ അതായിരിക്കും ഏററവും വലിയ അനുഗ്രഹം. ക്രിസ്തീയജീവിതത്തിലും വിശ്വാസത്തിലും ഉന്നതശിഖരങ്ങളിലേക്കു കയറുവാൻ ചർച്ചുവീക്കിലിയുടെ എല്ലാ വായനക്കാർക്കും എഴുത്തുകാർക്കും നമ്മുടെനാടിനു പൊതുവേയും ദൈവമിടയാക്കട്ടെ.

പെരുനാളും കൺവൻഷനും പുത്തൻകാവു്

പുത്തൻകാവു വലിയ പള്ളിയിലെ ഈ കൊല്ലത്തെ പെരുനാളും കൺവൻഷനും പൂർവ്വാധികം ഭംഗിയായി നടന്നിരിക്കുന്നു. കൺവൻഷനിൽ വച്ചു് സ്ലീബാദാസസമൂഹം, ഇരവിപേരൂർ ആശുപത്രി, ഓതാ ദയറ, കടമ്പനാട്ട് ഹെറോദെമ്പ് ദയറ, എന്നീസ്ഥാപനങ്ങൾക്കുവേണ്ടി പ്രത്യേകം കാണിക്കശേഖരം എടുത്തു്. എല്ലാ കൺവൻഷനുകളിലും ഇതുപോലെയുള്ള സ്ഥാപനങ്ങൾക്കുവേണ്ടി കാണിക്കശേഖരം നടത്തുന്നതു തികച്ചും ഉചിതമായിരിക്കും.

മർത്തമറിയം വാർഷികം

പ്രസ്തുത ഇടവകയിലെ മർത്തമറിയം സമാജത്തിന്റെ വാർഷികം

മാർ. പീലക്സിനോസ് തിരുമേനിയുടെ മഹനീയ ആദ്ധ്യക്ഷതയിൽ കൂടി. ശ്രീമതിമാരായ ചാച്ചിയമ്മമാത്യു എം. എ. കോട്ടയം ഭദ്രാസനമർത്തമറിയം ജ: സെക്രട്ടറി മിസ്സ് ആലീസ് മാണി ബി. എ. ബി. ററി. എന്നിവർ പ്രസംഗിച്ചു. ഇടവക വികാരി പഴയംപള്ളിൽ വട്ടകത്തനാർ കൃതജ്ഞത പ്രകാശിപ്പിച്ചു.

മാർ, പീലക്സിനോസ് സ്മാരക വാർഡു്

പള്ളിവകയായി പണികഴിപ്പിച്ചിട്ടുള്ള മിഷ്യനാസ്പത്രിയോടനുബന്ധിച്ചു് സ്ത്രീകളുടെ ഉത്സാഹത്താൽ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ള മാർ. പീലക്സിനോസ് മെമ്മോറിയൽ വാർഡിനു് വേണ്ടി നടത്തിയ ലക്കിഡിപ്പ്, കൗതുക വില്പന എന്നിവകളിൽ നിന്നും ലഭിച്ചതുകകൾ ഉൾപ്പെടെ 1800 രൂപാ സ്ത്രീസമാജത്തിനു ഉണ്ടായിട്ടുണ്ടു്. സ്ത്രീകൾക്കു് അഭിമാനം കൊള്ളാവുന്ന ഒരു വാർഡായിരിക്കും അവർ നിർമ്മിക്കുന്നതു്.

ബറിയായുടെ അന്തിമാഭിലാഷം

സോവ്യററു ഡെപ്യൂട്ടി പ്രധാനമന്ത്രിയായിരുന്ന അടുത്തകാലത്തു വധിക്കപ്പെട്ട ലവാന്തി പി. ബറിയാ. തന്റെ മരണത്തിനു മുമ്പ് ഏകാന്ത മുറിയിൽ ഇരുന്നു വായിക്കുന്നതിനു ഒരു വേദപുസ്തകം ആവശ്യപ്പെട്ടു എന്നുള്ള വാർത്ത വിയന്നായിൽ വ്യാപിച്ചിരുന്നതായി വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്തിരിക്കുന്നു.

Printed and Published by N· M· Abraham B. A· At the Malayala Manorama Press,